# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)


Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.
Printed on 29th of every month.

**വാല്യം 01 ഏപ്രിൽ–2010 ലക്കം 01**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


മെയ്ദിന സന്ദേശം .................................................... 03
സർക്കുലർ ............................................................... 10
ദൈവവിളിക്കായുള്ള പ്രാർത്ഥനാദിന സന്ദേശം ......... 13
Catholic Bishops' Conference of India (CBCI) Statement of 29th CBCI General body meeting "Youth for Peace and Harmony"..... 19
വൈദീകവർഷം .......................................................... 23
രൂപതാ കച്ചേരി വാർത്തകൾ .................................. 24
മതബോധനരംഗം .................................................... 27
ചെറുപുഷ്പമിഷൻലീഗ് ............................................. 35
കെ. സി. വൈ. എം. ..................................................... 40
കുടുംബപ്രേഷിതത്വം ................................................ 46
സിയോൻ വാർത്തകൾ................................................ 48
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 50
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ............................ 51
സാമൂഹ്യ സേവനരംഗം ............................................. 53
ജയിൽ മിനിസ്ട്രി ..................................................... 54
അറിയിപ്പുകൾ ........................................................... 55
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ..................................... 59
ബിഷപ്സ് പ്രോഗ്രാം .................................................. 60

# മെയ്ദിന സന്ദേശം-2010

## കേരള കത്തോലിക്ക മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്നത്

കർത്താവിനാൽ സ്നേഹിക്കപ്പെട്ട സഹോദരീ സഹോദരന്മാരേ,

അന്താരാഷ്ട്ര തൊഴിലാളി ദിനത്തിന്റെ എല്ലാവിധ മംഗളാശംസകളും നേരുന്നു. മരപ്പണിക്കാരനെന്നും (മർക്കോ 6:3) മരപ്പണിക്കാരന്റെ മകനെന്നുമാണ് (മത്താ 13:55) യേശുവിനെ സ്വന്തം ഗ്രാമത്തിലെ ജനങ്ങൾ വിശേഷിപ്പിച്ചത്. അദ്ധ്വാനം വഴി തൊഴിലിനെയും തൊഴിലാളികളെയും വിശുദ്ധീകരിച്ച നമ്മുടെ നാഥനും കർത്താവുമായ ഈശോമിശിഹായുടെ അനുഗ്രഹങ്ങൾ എല്ലാ തൊഴിലാളികളുടെയും മേൽ വർഷിക്കപ്പെടട്ടെയെന്നു പ്രാർത്ഥിക്കുന്നു.

പരിശുദ്ധ ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ 'സത്യത്തിൽ സ്നേഹം' എന്ന പ്രഥമ സാമൂഹിക ചാക്രികലേഖനം പുറത്തിറങ്ങിയത് ലോകമെങ്ങും സാമ്പത്തിക പ്രതിസന്ധി രൂക്ഷമായി നിന്ന അവസരത്തിലായിരുന്നു. സമകാലിക ലോകസാഹചര്യങ്ങളുടെ നേർക്കാഴ്ചയും വിശകലനവും ഈ ചാക്രികലേഖനത്തിലുണ്ട്. അധാർമ്മികമായ സാമ്പത്തികപ്രവർത്തനങ്ങളാണ് ലോകത്തെ മുഴുവൻ തകർച്ചയിലേക്ക് നയിച്ചതെന്നു തിരിച്ചറിഞ്ഞ് ധാർമ്മികതയിൽ ഊന്നി നിന്നുകൊണ്ട് സമ്പദ്‌വ്യവസ്ഥയെ പുനഃക്രമീകരിക്കാൻ ഈ ചാക്രികലേഖനത്തിലൂടെ സന്മനസ്സുള്ള എല്ലാ മനുഷ്യരെയും മാർപാപ്പ ആഹ്വാനം ചെയ്യുന്നു.

ഈ വർഷത്തെ മെയ്ദിന സന്ദേശം തയ്യാറാക്കപ്പെട്ടിരിക്കുന്നത് സത്യത്തിൽ സ്നേഹം ഉയർത്തിയ ചിന്തകളുടെ അടിസ്ഥാനത്തിലാണ്. ദരിദ്രജനകോടികൾ അനുഭവിക്കുന്ന ദുരിതങ്ങളുടെ മഹാപീഡനങ്ങളിൽ നിന്നും അവരെ മോചിപ്പിച്ച് മാനുഷിക സാഹചര്യങ്ങളിലേക്ക് ഉയർത്തുവാനുള്ള സമഗ്രവികസന പ്രവർത്തനങ്ങൾക്കുള്ള ആഹ്വാനമാണ് ഈ ചാക്രികലേഖനത്തിന്റെ മുഖ്യസന്ദേശം. ലോകമെങ്ങുമുള്ള ദരിദ്രർ സമ്പന്നരുടെ കതകുകളിൽ മുട്ടിക്കൊണ്ടിരിക്കുന്നു. സമ്പൽസമൃദ്ധിയുടെ ലോകം ആ മുട്ടലുകൾ കേൾക്കാതിരിക്കുന്ന അപകട സാധ്യതയിലാണ്. മാനുഷികമായതെന്തെന്നു തിരിച്ചറിയാൻ കഴിയാത്ത മനഃസാക്ഷി മൂലമാണ് അങ്ങനെ സംഭവിക്കുന്നത് (സത്യത്തിൽ സ്നേഹം 75). ലോകത്തിന്റെ സമഗ്രവികസനത്തിന് വ്യക്തികളുടെയും സമൂഹത്തിന്റെയും കാഴ്ചപ്പാടുകളിൽ ഉണ്ടാകേണ്ട മാറ്റത്തെയാണ് മാർപാപ്പ വിവരിക്കുന്നത്.

സാമ്പത്തികമാന്ദ്യത്തിന്റെ നീരാളിപ്പിടുത്തത്തിൽ നിന്നും സാമാന്യം വേഗത്തിൽ ഇന്ത്യയ്ക്കു പുറത്തുവരുവാൻ കഴിയുന്നുണ്ടെന്നാണ് സ്ഥിതിവിവരകണക്കുകൾ സൂചിപ്പിക്കുന്നത്. രാജ്യത്തിന്റെ ഈ വർഷത്തെ വളർച്ചാനിരക്ക് 7.2% എന്നാണ് പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ട സാമ്പത്തികസർവ്വേ വ്യക്തമാക്കുന്നത്. പ്രതികൂല സാഹചര്യങ്ങളിലും ഇന്ത്യയ്ക്ക് അഭിമാനാർഹമായ വളർച്ചാനിരക്ക് കൈവരിക്കാൻ കഴിഞ്ഞു. എന്നാൽ ഈ പുരോഗതി സാധാരണ ജനങ്ങളിലേയ്ക്കെത്തിക്കാൻ പരാജയപ്പെട്ടിരിക്കയാണെന്ന് സാമ്പത്തിക സർവ്വേതന്നെ വെളിവാക്കുന്നു. ഇന്ത്യയിലെ 65% ജനങ്ങളും നിത്യവൃത്തിക്ക് ആശ്രയിക്കുന്നത് കാർഷിക മേഖലയെയാണ്. (മത്സ്യബന്ധനവും മൃഗപരിപാലനവും ഇതിൽ ഉൾപ്പെടുന്നു) ഈ മേഖലയിലെ വളർച്ചാ നിരക്ക് മൈനസ് 0.2% ആണ്. അതായത് വളർച്ച ഉണ്ടായില്ലെന്നു മാത്രമല്ല താഴേയ്ക്കു പോകുകയും ചെയ്തിരിക്കുന്നു. ഇതുമൂലം അടിസ്ഥാന തൊഴിലാളികൾക്കിടയിൽ തൊഴിലില്ലായ്മയും ദാരിദ്ര്യവും പട്ടിണിയും അഭൂതപൂർവ്വമായ വിധത്തിൽ വർദ്ധിച്ചിരിക്കുകയാണ്. ധാന്യങ്ങളുടെയും ഇതര ഭക്ഷ്യവസ്തുക്കളുടെയും വിലക്കയറ്റം സർവ്വകാല റെക്കോർഡാണെന്നാണ് സാമ്പത്തിക സർവ്വേ തന്നെ സൂചിപ്പിക്കുന്നത്.

വികസനം മുഴുവൻ മനുഷ്യനെയും ഓരോ മനുഷ്യനെയും ഉൾക്കൊള്ളുന്നില്ലെങ്കിൽ അത് സത്യസന്ധമായ വികസനമല്ല (സത്യത്തിൽ സ്നേഹം 18) എന്നാണ് പരിശുദ്ധ പിതാവ് ഉത്ബോധിപ്പിക്കുന്നത്. ഐക്യരാഷ്ട്ര സംഘടനയുടെ മനുഷ്യവികസന സൂചികാ റിപ്പോർട്ടിൽ ഇന്ത്യയുടെ സ്ഥാനം വീണ്ടും താഴെക്കുവന്നു 134 ആയി. രാജ്യത്തിന് 9.2% വളർച്ചാനിരക്കുള്ളപ്പോഴുള്ള വിവരങ്ങൾ വിലയിരുത്തിയിട്ടുള്ള കണക്കാണിതെന്നു ഓർക്കണം. വികസനം ചുരുക്കം ചില പോക്കറ്റുകളിലേക്ക് ഒതുങ്ങുന്നതിനെ മാർപാപ്പ നിശിതമായി വിമർശിക്കുന്നുണ്ട്.

ദേശീയ ഉൽപാദന വളർച്ച മാത്രമല്ല വികസനം. വികസനത്തിന്റെ കേന്ദ്രസ്ഥാനം മനുഷ്യനാണ്. ഒരു പ്രദേശത്തെ ജനങ്ങളുടെ യഥാർത്ഥ ജീവിതാവസ്ഥകളെ മെച്ചപ്പെടുത്താനും ഈ ജനതയ്ക്ക് ദാരിദ്ര്യംമൂലം ഇപ്പോൾ നിർവ്വഹിക്കാൻ കഴിയാത്ത കാര്യങ്ങൾ നിർവ്വഹിക്കാനും അവരെ പ്രാപ്തരാക്കണം (സത്യത്തിൽ സ്നേഹം 47). വ്യക്തിയുടെ മഹത്വവും നീതിയുടെ ആവശ്യങ്ങളും പ്രത്യേകിച്ച് ഇന്നൊരു കാര്യം ആവശ്യപ്പെടുന്നുണ്ട്. അതായത് അമിതവും ധാർമ്മികവുമായി അംഗീകരിക്കാനാവാത്തതുമായവിധം അസമത്വങ്ങൾ വർദ്ധിക്കാൻ സാമ്പത്തിക തെരഞ്ഞെടുപ്പുകൾ കാരണമാകരുത്... ഒരു രാജ്യത്തിനുള്ളിലും വ്യത്യസ്ത രാജ്യങ്ങളിലെ ജനതകൾ തമ്മിലും സാമൂഹിക അസമത്വം വ്യവസ്ഥാപിതമാംവിധം വളരുന്നതിലൂടെ (അതായത്, ആപേക്ഷിക ദാരിദ്ര്യത്തിൽ വൻതോതിൽ വർദ്ധനവുണ്ടാകുന്നതിലൂടെ) സാമൂഹിക

സമന്വയത്തിനു മുറിവേൽക്കുന്നു. അങ്ങനെ ജനാധിപത്യക്രമം അപകടസ്ഥിതിയിലാകുന്നു (സത്യത്തിൽ സ്നേഹം, 32).

2005 ലെ കണക്കനുസരിച്ച് ഇന്ത്യയിൽ 45.7 കോടി തൊഴിലാളികൾ ഉണ്ട്. ഇവരിൽ 93% പേർ അസംഘടിത തൊഴിലാളികളാണ്. സംഘടനയില്ലാത്തവർ എന്നല്ല അസംഘടിത തൊഴിലാളികൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ആവശ്യമായ സാമൂഹിക സുരക്ഷയോ ക്ഷേമപദ്ധതികളോ തൊഴിൽ അവകാശങ്ങളോ സംലഭ്യമല്ലാത്തവരെയാണ് അസംഘടിത തൊഴിലാളികൾ എന്നു വിശേഷിപ്പിക്കുന്നത്. സ്വാഭാവികമായും ഭരണാധികാരികളെ സ്വാധീനിക്കാൻ പറ്റിയ വിധത്തിൽ സംഘടനയോ വിലപേശൽ ശക്തിയോ നേതൃത്വമോ ഇല്ലാത്തവരാണ് അസംഘടിത തൊഴിലാളികൾ, ചെറുകിടകർഷകർ (അഞ്ചേക്കറിൽ താഴെ കൃഷിയിടമുള്ളവർ) കർഷകത്തൊഴിലാളികൾ, നിർമ്മാണത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, ഗാർഹിക തൊഴിലാളികൾ തുടങ്ങി നൂറിൽപരം തൊഴിൽ ഗ്രൂപ്പുകളെ കേന്ദ്രസർക്കാർ ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംഘടിത മേഖലയിലെ കാഷ്വൽ കോൺട്രാക്ട് ജോലിക്കാരെയും അസംഘടിത തൊഴിലാളികളായിട്ടാണ് പരിഗണിക്കുന്നത്. സാമൂഹിക സുരക്ഷയോ ന്യായമായ വേതനമോ ഇല്ലാതെ തൊഴിലെടുക്കുന്ന താത്കാലീക അധ്യാപകർ, ഗ്രാമീണ പത്രപ്രവർത്തകർ (സ്ട്രിംഗർമാർ), ആശുപത്രിയിലെ താത്കാലിക ജീവനക്കാർ, എംപാനൽ ജീവനക്കാർ തുടങ്ങിയ നിരവധി വിഭാഗങ്ങളെ അസംഘടിത തൊഴിലാളികളിൽ ഉൾപ്പെടുത്താം. ഈ വിഭാഗത്തിന്റെ എണ്ണം പ്രതിദിനം വർദ്ധിച്ചുവരികയാണ്.

പുതിയ ലോക സമ്പദ്ക്രമത്തിൽ വളർച്ചയുടെ ലാഭം കൂട്ടുന്നതിനായി തൊഴിലാളികളുടെ സാമൂഹിക സുരക്ഷാപദ്ധതികളെ ഇല്ലാതാക്കുന്നതോ കുറയ്ക്കുന്നതോ ആയ പ്രവണതകൾ ലോകമെങ്ങും വർദ്ധിച്ചുവരുന്നതായി മാർപാപ്പ വിലയിരുത്തിയിട്ടുണ്ട്. അന്താരാഷ്ട്ര സാമ്പത്തിക സ്ഥാപനങ്ങളുടെ നിർദ്ദേശാനുസരണം സാമൂഹികക്ഷേമ മേഖലകളെ ചുരുക്കുന്നതും തൊഴിലാളി യൂണിയനുകളുടെ വിലപേശൽ ശക്തിയെ ഇല്ലാതാക്കുന്നതും ശരിയല്ലെന്നാണ് മാർപാപ്പ ഉദ്ബോധിപ്പിക്കുന്നത്; ശക്തമായ തൊഴിലാളി സംഘടനകൾ ഉണ്ടെങ്കിൽ മാത്രമേ സാമൂഹിക സുരക്ഷാ സംവിധാനങ്ങൾ ഫലപ്രദമായി നടപ്പിലാകുകയുള്ളൂ. തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ കഴിയുന്ന തൊഴിലാളി സംഘടനകളെ വളർത്തണമെന്ന ആഹ്വാനം, ഇന്ന് കഴിഞ്ഞ കാലങ്ങളേക്കാൾ കൂടുതലായി ആദരിക്കപ്പെടണം (സത്യത്തിൽ സ്നേഹം 25).

കേരളത്തിലെ തൊഴിൽ ശക്തിയിലെ 85% പേരെങ്കിലും അസംഘടിത തൊഴിലാളികളാണ്. ഇവരുടെ സംഘാടനത്തിലും ശക്തീകര

ണത്തിനുമായി വേണ്ടപ്രകാരമുള്ള ശ്രമങ്ങൾ ദേശീയ ട്രേഡ് യൂണിയനുകൾ എടുക്കുന്നില്ലായെന്നതാണ് വസ്തുത. പല അസംഘടിത മേഖലകളിലും ട്രേഡ് യൂണിയനുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. പക്ഷേ ഈ വിഭാഗം തൊഴിലാളികളുടെ ക്ഷേമവും വികസനവും എന്നതിനപ്പുറം മുദ്രാവാക്യം വിളിക്കാനും ജാഥ നടത്താനുമുള്ള അണികളെ സൃഷ്ടിക്കാനുള്ള ശ്രമമാണോയെന്ന് സംശയിക്കാനുള്ള സാഹചര്യങ്ങൾ പലപ്പോഴും ഉണ്ടാകുന്നുണ്ട്. നിർമ്മാണരംഗം പോലെയുള്ള ചില മേഖലകളിൽ ട്രേഡ് യൂണിയനുകൾ തൊഴിലിന്റെ കുത്തകക്കാരായി മാറിക്കൊണ്ട് യഥാർത്ഥ തൊഴിലാളികൾക്ക് തൊഴിൽ നിഷേധിക്കുന്ന പ്രവണതകളും വർദ്ധിച്ചുവരുന്നുണ്ട്. കൂടാതെ അസംഘടിത തൊഴിലാളികളുടെ ക്ഷേമനിധി അംഗത്വത്തിന്റെ കുത്തകയും ട്രേഡ് യൂണിയനുകൾ ഏറ്റെടുത്തുകൊണ്ട് അർഹതയുള്ളവരെ ഒഴിവാക്കുന്ന രീതിയും കണ്ടുവരുന്നു. ഇത്തരം തെറ്റായ രീതികൾ തിരുത്തേണ്ടിയിരിക്കുന്നു.

അസംഘടിത തൊഴിലാളി വിഭാഗങ്ങൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പഠിക്കാനും പരിഹരിക്കാനുമുള്ള മൗലികമായ സമീപനങ്ങളും ശ്രമങ്ങളും ഇന്ന് രൂപപ്പെടുന്നില്ലായെന്നത് ആശങ്കാജനകമാണ്.

ഈ ജനുവരി ഒന്നാം തീയതി മുതൽ നടപ്പിലാക്കപ്പെട്ടിട്ടുള്ള ആസിയാൻ കരാർ ഇന്ത്യയിലെ വ്യവസായ സേവന മേഖലകൾക്ക് വളരെയേറെ ഗുണം ചെയ്യുന്ന ഒന്നായിട്ടാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത്. എന്നാൽ, ഇതിന്റെ വില നൽകേണ്ടിവരുന്നത് കർഷക സമൂഹമാണ്. പക്ഷേ, ഈ പ്രതിസന്ധി പരിഹരിക്കാൻ തക്കവിധത്തിലുള്ള ക്രിയാത്മക സമീപനം ബന്ധപ്പെട്ട സർക്കാരുകളുടെ ഭാഗത്ത് നിന്നും ഇനിയും ഉണ്ടായിട്ടില്ലായെന്നത് ഖേദകരമാണ്. വലിയ പ്രതീക്ഷയോടെ പ്രവർത്തനം തുടങ്ങിയ കാർഷിക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം ഇപ്പോൾ ഇഴഞ്ഞു നീങ്ങുകയാണ്. ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടൽ അധികാരികളുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടിയിരിക്കുന്നു.

മത്സ്യമേഖലയിലും ആസിയാൻ കരാർവഴി ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ പരിഹരിക്കാൻ തക്കവിധത്തിലുള്ള പാക്കേജുകൾ സർക്കാർ തയ്യാറാക്കി നടപ്പിലാക്കേണ്ടിയിരിക്കുന്നു. കേന്ദ്രസർക്കാരിന്റെ നിർദ്ദിഷ്ട കടൽമത്സ്യബന്ധന നിയന്ത്രണപരിപാലന നിയമത്തിൽ മത്സ്യത്തൊഴിലാളികൾക്ക് വലിയ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്ന നിരവധി വകുപ്പുകൾ ഉണ്ട്. ഇതിൽ വേണ്ട തിരുത്തലുകൾ വരുത്തി മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കേണ്ടിയിരിക്കുന്നു.

ഇന്നത്തെ ട്രേഡ് യൂണിയൻ പ്രവർത്തനം സ്വന്തം അണികളുടെ ക്ഷേമത്തിനുവേണ്ടി മാത്രമുള്ളതാക്കി ചുരുക്കുന്നതിനെ മാർപാപ്പ അപലപിക്കുന്നുണ്ട്. തൊഴിലിന്റെ ലോകത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പുതിയ പരിപ്രേക്ഷ്യങ്ങളോട് തൊഴിലാളി യൂണിയനുകൾ തുറവുള്ളതായിരിക്കുകയെന്നത് എത്രമാത്രം പ്രാധാന്യമർഹിക്കുന്നുവെന്നു

ഓർമ്മിക്കുക സമുചിതമാണ്.... ദേശീയ തൊഴിലാളി യൂണിയനുകൾ അവയിൽ രജിസ്ട്രർ ചെയ്തിട്ടുള്ള അംഗങ്ങളുടെ താത്പര്യം സംരക്ഷിക്കുന്നതിൽ സ്വയം പരിമിതപ്പെടുത്താനുള്ള പ്രവണത കാണിക്കുകയാണ്, അവർ യൂണിയനിൽ അംഗമല്ലാത്തവരുടെയും കാര്യത്തിൽ താത്പര്യം കാണിക്കണം: പ്രത്യേകിച്ചു സാമൂഹികാവകാശങ്ങൾ മിക്കപ്പോഴും ലംഘിക്കപ്പെടുന്ന വികസ്വര രാജ്യങ്ങളിലെ തൊഴിലാളികളുടെ കാര്യത്തിൽ താത്പര്യം കാണിക്കണം (സത്യത്തിൽ സ്നേഹം 64).

നോക്കുകൂലി പോലെയുള്ള അനാശാസ്യപ്രവണതകൾക്കെതിരെ ട്രേഡ് യൂണിയൻ നേതൃത്വം മുന്നോട്ടുവന്നിട്ടുള്ളത് സ്വാഗതാർഹമായ കാര്യമാണ്. എന്നാൽ പ്രഖ്യാപിക്കുന്ന കാര്യങ്ങൾ സത്യസന്ധതയോടെയും ആർജ്ജവത്തോടെയും നടപ്പിലാക്കാനുള്ള ദൃഢനിശ്ചയം ട്രേഡ് യൂണിയൻ നേതൃത്വം പ്രദർശിപ്പിക്കേണ്ടിയിരിക്കുന്നു. മൂന്നാർ വിവാദങ്ങളുടെ മദ്ധ്യത്തിൽ ട്രേഡ് യൂണിയനുകൾക്ക് ധാർമ്മീകത വേണ്ട എന്നുവരെയുള്ള അഭിപ്രായങ്ങളും ഉയരുകയുണ്ടായി. എല്ലാ മണ്ഡലങ്ങളിലും ധാർമ്മികതയുടെ ഇടപെടൽ ഉണ്ടെങ്കിൽ മാത്രമേ യഥാർത്ഥത്തിലുള്ള വികസനം സാധ്യമാകുകയുള്ളൂ എന്നാണ് ബനഡിക്ട് പതിനാറാമൻ മാർപാപ്പ പഠിപ്പിക്കുന്നത്. അസംഘടിത തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് പൊതുവെ തന്നെ സമൂഹത്തിൽ അവബോധം വർദ്ധിച്ചുവരുന്നുണ്ട്. തദനുസരണം ഈ വിഭാഗത്തിന്റെ ക്ഷേമത്തിനും സുരക്ഷയ്ക്കുമായി പല പദ്ധതികളും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്കരിക്കുന്നുണ്ട്. എന്നാൽ ഇവ തൊഴിലാളികളിലേയ്ക്ക് വേണ്ടവിധത്തിൽ എത്തിച്ചേരുന്നില്ലായെന്നതാണ് വസ്തുത. സർക്കാരുകൾ ആവിഷ്കരിക്കുന്ന വിവിധ ക്ഷേമപദ്ധതികൾ എല്ലാ തൊഴിലാളികളിലേയ്ക്കും എത്തിക്കുന്ന ചാലകശക്തിയായിക്കൂടി ട്രേഡ് യൂണിയനുകൾ മാറണം. ഇതാണ് ട്രേഡ് യൂണിയനുകളുടെ മുന്നിൽ ഉയർത്തപ്പെടുന്ന വെല്ലുവിളി.

ദൈവത്തിന്റെ സൃഷ്ടികർമ്മത്തിലുള്ള പങ്കുചേരലാണ് തൊഴിൽ. അതുകൊണ്ട് തൊഴിൽ ഒരു ദിവ്യമായ കർമ്മമാണ്. ധാർമ്മികതയുടെ മാനദണ്ഡം കൂടിയുണ്ട് തൊഴിലിന്. തൊഴിലാളികൾ തങ്ങളുടെ കടമകളെപ്പറ്റി കുറച്ചുകൂടി ബോദ്ധ്യമുള്ളവരായി മാറണം. ഏതു തൊഴിലും സാമൂഹിക സേവനമാണ്. സാമൂഹിക ഉത്തരവാദിത്വം നിറവേറ്റാത്ത തൊഴിൽ പൂർണ്ണതയില്ലാത്തതാണ്. ഇതുമൂലം തൊഴിൽ സംസ്കാരത്തിനും മൂല്യച്യുതി വരുന്നു.

കെ.സി.ബി.സി. ലേബർ കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള ലേബർ മൂവ്മെന്റ് - കെ.എൽ.എം. വഴിയാണ് കേരള കത്തോലിക്കാസഭ തൊഴിൽമേഖലയിൽ പ്രവർത്തിച്ചുവരുന്നത്. അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശക്തീകരണത്തിനുമാണ് കെ. എൽ.എം. പ്രധാനമായും ശ്രദ്ധ കൊടുത്തുവരുന്നത്. അദ്ധ്വാനത്തിന്റെ

ശ്രേഷ്ഠതയും മഹത്വവും ഉയർത്തിപ്പിടിക്കുന്ന തൊഴിൽ സംസ്കാരം വ്യാപിപ്പിക്കുക, സമകാലിക, സാമൂഹിക - സാമ്പത്തിക - സാംസ്കാരിക സാഹചര്യങ്ങൾ തൊഴിലാളികൾക്ക് മുന്നിൽ ഉയർത്തുന്ന വെല്ലുവിളികൾ നേരിടാൻ അവരെ ശക്തീകരിക്കുക, തൊഴിലാളികളുടെ തൊഴിൽ നൈപുണ്യം വളർത്തുക, സർക്കാരിന്റെയും ഇതര ഏജൻസികളുടെയും വിവിധ ക്ഷേമ പദ്ധതികളുടെ ഗുണഭോക്താക്കളായി എല്ലാ തൊഴിലാളികളെയും മാറ്റുക, തൊഴിലാളികളുടെ നേതൃത്വത്തെ പരിപോഷിപ്പിക്കുകയും സാമൂഹികജീവിതത്തിന്റെ മുഖ്യധാരയിലേയ്ക്ക് നയിക്കുകയും ചെയ്യുക എന്നിവയാണ് കെ.എൽ.എം.ന്റെ പ്രധാന പ്രവർത്തന പദ്ധതികൾ.

തൊഴിലാളികളുടെ ശക്തീകരണത്തിന് ഏറ്റവും ഉചിതമായ മാർഗ്ഗമായിട്ടാണ് സ്വയംസഹായസംഘങ്ങൾ അഥവാ എസ്സ്.എച്ച്.ജി. കളെ മാർപാപ്പ ചാക്രികലേഖനത്തിൽ വിശേഷിപ്പിച്ചിരിക്കുന്നത്. (സത്യത്തിൽ സ്നേഹം 65). തൊഴിലാളികൾ എസ്.എച്ച്.ജി.കളിലൂടെ പ്രവർത്തിച്ച് സാമ്പത്തീകം ഉൾപ്പെടെയുള്ള വിവിധ തലങ്ങളിൽ അഭ്യുന്നതി പ്രാപിക്കണം. തൊഴിലാളി ഫോറങ്ങൾ വഴി വിവിധ വിഭാഗം തൊഴിലാളികൾ സംഘടിതരായി മാറണം. എല്ലാ ഇടവകകളിലും തൊഴിലാളി എസ്.എച്ച്.ജികളും തൊഴിലാളി ഫോറങ്ങളും രൂപീകരിച്ച് കെ. എൽ.എം. നെ ശക്തിപ്പെടുത്തണം.

ഭരണനിർവ്വഹണരംഗത്ത് തൊഴിലാളികളുടെ സജീവപങ്കാളിത്തം ഉണ്ടാകേണ്ടിയിരിക്കുന്നു. ഗ്രാമസഭകളിൽ തൊഴിലാളികൾ ക്രിയാത്മക പങ്കാളിത്തം വഹിക്കണം. അടുത്തുനടക്കുന്ന ത്രിതല പഞ്ചായത്തു തെരഞ്ഞെടുപ്പുകളിൽ തൊഴിലാളികൾക്ക് കൂടുതൽ പ്രാതിനിധ്യം ലഭിക്കത്തക്കവിധത്തിലുള്ള പരിപാടികൾ ആവിഷ്കരിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ തൊഴിലാളി കേന്ദ്രീകൃത വികസനപദ്ധതികൾ ഗ്രാമ പഞ്ചായത്ത് തലങ്ങൾ മുതൽ പ്രാരംഭം കുറിക്കാൻ സാധിക്കുകയുള്ളൂ. അതിനുചിതമായ വിധത്തിൽ തൊഴിലാളികൾക്ക് പരിശീലനം ഏർപ്പെടുത്തണം.

എല്ലാ തൊഴിലാളികളെയും സർക്കാർ ക്ഷേമനിധികളിൽ അംഗങ്ങളാക്കാനുള്ള കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കണം. കൂടാതെ ചികിത്സ ഇൻഷുറൻസ്, അപകട ഇൻഷുറൻസ്, പെൻഷൻ പദ്ധതി എന്നിവയുടെയും ഗുണഭോക്താക്കളാകേണ്ടിയിരിക്കുന്നു.

തൊഴിലാളി സാമൂഹിക സുരക്ഷാക്ഷേമപദ്ധതികളെ സംബന്ധിച്ച പ്രവർത്തനങ്ങൾക്ക് വേണ്ട സഹായങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകാൻ കെ.എൽ.എം.ന്റെ നേതൃത്വത്തിൽ എറണാകുളത്ത് വർക്കേഴ്സ് ഫസിലിറ്റേഷൻ സെന്റർ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ വർഷാവസാനത്തോടെ കേരളത്തിലെ മറ്റു കേന്ദ്രങ്ങളിൽക്കൂടി വർക്കേഴ്സ് ഫസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തനം തുടങ്ങുവാനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

കേരളത്തിൽ സഭാസ്ഥാപനങ്ങൾ, ഇടവകകൾ, കോൺവെന്റു കൾ തുടങ്ങിയ സ്ഥലങ്ങളിൽ തൊഴിൽ ചെയ്യുന്നവരുടെ സാമൂഹിക സുരക്ഷയ്ക്കായുള്ള പദ്ധതി നടപ്പിലാക്കാൻ കേരള കത്തോലിക്കാമെത്രാൻ സമിതി അംഗീകാരം നൽകിയിട്ടുണ്ട്. കെ.എൽ.എം. നെയാണ് ഈ ചമതല കെ.സി.ബി.സി. ഏൽപ്പിച്ചിരിക്കുന്നത്. സഭാസ്ഥാപനങ്ങളിലെ ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും തുല്യവിഹിത പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ ചികിത്സാസഹായം, അപകടസഹായം, പെൻഷൻ, മരണാനന്തരസഹായം എന്നിവ ഉണ്ടാകുന്നതാണ്. സുരക്ഷ എന്ന ഈ പദ്ധതിയുടെ വിശദാംശങ്ങൾ രൂപതാകാര്യാലയങ്ങളിൽ അറിയിക്കുന്നതാണ്. ഈ വർഷത്തെ തൊഴിലാളി ദിനത്തിൽ ഈ പദ്ധതി ഔപചാരികമായി ആരംഭിക്കുന്നതാണ്.

ക്രൈസ്തവസഭ നടത്തിവരുന്ന എല്ലാ സാമൂഹിക ശുശ്രൂഷകളും (വിദ്യാഭ്യാസം, ആതുരശുശ്രൂഷ തുടങ്ങിയ എല്ലാംതന്നെ) സമസ്ത ജനവിഭാഗങ്ങൾക്ക് വേണ്ടിയുള്ളതാണ്. അതിൽ ജാതിയുടേയോ മതത്തിന്റേയോ പ്രദേശത്തിന്റെയോ രാഷ്ട്രീയത്തിന്റെയോ അതിർവരമ്പുകളില്ല. ഇതുപോലെ തന്നെയാണ് സഭയുടെ തൊഴിൽ രംഗത്തെ ഇടപെടലും ശുശ്രൂഷയും. ക്രൈസ്തവസഭയുടെ സാന്നിദ്ധ്യം വഴി കൂടുതൽ ശ്രദ്ധയും കരുതലും തൊഴിലാളികൾക്ക് സംലഭ്യമാകുമെന്നു പ്രതീക്ഷിക്കുന്നു. ദൈവത്തെ കൂടാതിരുന്നാൽ മനുഷ്യന് ഏതുവഴിയെ പോകണമെന്നറിയില്ല. താൻ ആരാണെന്നു അവനു മനസ്സിലാകുകപോലുമില്ല... ദൈവത്തെ ഒഴിവാക്കുന്ന മാനവികത മനുഷ്യത്വമില്ലാത്ത മാനവികതയാണ് (സത്യത്തിൽ സ്നേഹം 78). പരസ്പരദ്വേഷത്തിന്റെയല്ല സ്നേഹത്തിലുള്ള ഐക്യത്തിന്റെയും യോജിപ്പിന്റെയും വക്താക്കളും പ്രവർത്തകരുമാകാൻ എല്ലാ തൊഴിലാളികളെയും ആഹ്വാനം ചെയ്യുന്നു.

തൊഴിലാളികളുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥത്തിന്റെ മുന്നിൽ എല്ലാ തൊഴിലാളികളെയും സമർപ്പിക്കുന്നു. ഒരിക്കൽകൂടി എല്ലാ തൊഴിലാളികൾക്കും മെയ്ദിനാശംസകൾ നേരുന്നു.

**മാർ ജോസ് പൊരുന്നേടം**
ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ

---

**NB:- ഈ സർക്കുലറിലെ ഉള്ളടക്കം 2010 ഏപ്രിൽ 25-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ അറിയിക്കേണ്ടതാണ്**

Prot.No. 287/2010

# സർക്കുലർ

## 2010 ജനുവരി 11 മുതൽ 15 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസ് സഭാകേന്ദ്രത്തിൽ സമ്മേളിച്ച സീറോമലബാർ സഭാ മെത്രാന്മാരുടെ 18 – മത് സിനഡിന്റെ ആദ്യസമ്മേളനത്തിനുശേഷം എല്ലാ സീറോമലബാർ വിശ്വാസികൾക്കും വേണ്ടി മേജർ ആർച്ചുബിഷപ്പ് അഭിവന്ദ്യ വർക്കി വിതയത്തിൽ പിതാവ് പുറപ്പെടുവിക്കുന്ന സർക്കുലർ

ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർ സഭയുടെ 18 -മത്തെ സിനഡിന്റെ ആദ്യസമ്മേളനം 2010 ജനുവരി 11 മുതൽ 15 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന വിവരം നിങ്ങളേവരേയും അറിയിക്കുന്നതിന് എനിക്ക് ഏറെ സന്തോഷമുണ്ട്. പതിവുപോലെ ആദ്യദിവസം ഉച്ചവരെയുള്ള സമയം മെത്രാന്മാർ പ്രാർത്ഥനയിലും ധ്യാനത്തിലും ചെലവഴിച്ചും വിശുദ്ധ കുർബാന അർപ്പിച്ചും സിനഡിന് ആത്മീയമായി ഒരുങ്ങുകയും ഉച്ചകഴിഞ്ഞ് സിനഡ് സമ്മേളനം ഔദ്യോഗികമായി ആരംഭിക്കുകയും ചെയ്തു. ബിജ്നോർ രൂപതയുടെ പുതിയ മെത്രാൻ അഭിവന്ദ്യ മാർ ജോൺ വടക്കേൽ സി.എം.ഐ ഉൾപ്പെടെ 36 മെത്രാന്മാർ സിനഡിൽ സംബന്ധിക്കുകയുണ്ടായി. എന്റെ രോഗാവസ്ഥയിൽ വിവരങ്ങൾ അന്വേഷിച്ചും ആശ്വാസവചനങ്ങൾ അറിയിച്ചും പ്രാർത്ഥിച്ചും എന്നെ സഹായിച്ച നിങ്ങളേവരോടും ഞാൻ നന്ദിപറയുന്നു. ഇനിയും നിങ്ങളുടെ പ്രാർത്ഥന ഞാനഭ്യർത്ഥിക്കുന്നു.

കഴിഞ്ഞ സിനഡിലെ തീരുമാനങ്ങളും മറ്റും സർക്കുലർ വഴി നിങ്ങളെ ഞാൻ അറിയിച്ചിരുന്നല്ലോ. അതനുസരിച്ച് വൈദികവർഷാചരണത്തിന്റെ ഭാഗമായി നമ്മുടെ സഭയിലെ രൂപതാ വൈദികരുടെയും സന്ന്യാസവൈദികരുടെയും പ്രതിനിധിസമ്മേളനം സഭാകേന്ദ്രത്തിൽ വച്ച് നടത്തുകയുണ്ടായി. സഭയിൽ ഒരുമയുടെയും പരസ്പരധാരണയുടെയും ചൈതന്യം വളർത്താൻ ഈ സമ്മേളനം ഉപകരിച്ചു എന്ന് സിനഡ് വിലയിരുത്തി. ഇന്ത്യയിലെ അപ്പസ്തോലിക്ക് നുൺഷ്യോ ആയിരുന്ന ആർച്ച് ബിഷപ്പ് പെദ്രോ ലോപ്പസ് ക്വിന്താനാ കാനഡായിലേക്ക് സ്ഥലം മാറിപ്പോയ വിവരം നിങ്ങളറിഞ്ഞിരിക്കുമല്ലോ. സീറോമലബാർ സഭയ്ക്കുവേണ്ടി അദ്ദേഹം ചെയ്ത വിലപ്പെട്ട സേവനങ്ങളെ നമുക്ക് നന്ദിയോടെ ഓർക്കാം.

പൗരസ്ത്യ സഭകളിലെ പാത്രിയർക്കീസുമാരുടെയും മേജർ ആർച്ചുബിഷപ്പുമാരുടെയും ഒരു സമ്മേളനം ഇക്കഴിഞ്ഞ സെപ്റ്റംബർ മാസത്തിൽ പരിശുദ്ധപിതാവ് വിളിച്ചുകൂട്ടിയിരുന്നു. ഞാനും അതിൽ സംബന്ധിക്കുകയുണ്ടായി. തദവസരത്തിൽ, ഇന്ത്യയിലും വിദേശത്തുമായി കഴിയുന്ന സീറോ

മലബാർ സഭാംഗങ്ങളുടെ അജപാലന ശുശ്രൂഷയ്ക്കും പ്രേഷിതപ്രവർത്തനത്തിനും സീറോമലബാർ സഭയ്ക്കുള്ള ചുമതലയും അവകാശവും സംബന്ധിച്ച കാര്യങ്ങൾ ഞാൻ പരിശുദ്ധ പിതാവിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ മനോഭാവമാണ് പരിശുദ്ധ പിതാവിനുള്ളതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അനുകൂലസാഹചര്യങ്ങൾ നിലവിലുള്ള വിദേശരാജ്യങ്ങളിൽ വസിക്കുന്ന സീറോമലബാർ സഭാംഗങ്ങൾക്ക് ആവശ്യമായ അജപാലനശുശ്രൂഷ ലഭ്യമാക്കുന്നതിന് വൈദികരെ അയയ്ക്കാൻ നാം ശ്രദ്ധിക്കുന്നുണ്ട്. മറ്റു സ്ഥലങ്ങളിലെ പ്രതികൂലസാഹചര്യങ്ങൾ പരിഹരിക്കാനും ക്ഷമാപൂർവ്വം പരിശ്രമിച്ചുകൊണ്ടാണിരിക്കുന്നത്. അതോടൊപ്പം ആഴമായ പ്രേഷിത ചൈതന്യമുള്ള വൈദികരെ രൂപപ്പെടുത്തുന്നതിനും ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു. അങ്ങനെയുള്ള ദൈവവിളികൾ പരിപോഷിപ്പിക്കുന്നതിനുള്ള പ്രായോഗിക മാർഗ്ഗങ്ങളെക്കുറിച്ചും സിനഡ് ഗൗരവമായി ചർച്ച ചെയ്യുകയുണ്ടായി. ഈ പരിശ്രമങ്ങൾ വിജയിക്കുന്നതിന് നിങ്ങളുടെ തീവ്രമായ പ്രാർത്ഥന ഞാനഭ്യർത്ഥിക്കുന്നു.

പ്രവാസികളുടെ ഇടയിൽ സേവനം ചെയ്യുന്ന വൈദികരുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വ്യക്തമായ സഭാത്മക കാഴ്ചപ്പാടോടെ തങ്ങളുടെ ശുശ്രൂഷ നിർവ്വഹിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും ബന്ധപ്പെട്ട കമ്മീഷന്റെ സഹകരണത്തോടെ സിനഡ് ശ്രദ്ധിക്കുന്നതാണ്. ഈ കമ്മീഷന്റെ പ്രവർത്തനം കൂടുതൽ ശക്തവും വിപുലവുമാക്കുന്നതിനുള്ള നടപടികളും സിനഡ് സ്വീകരിച്ചിട്ടുണ്ട്. പ്രവാസികളുടെ അജപാലനശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന വൈദികർക്ക് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ കമ്മീഷൻ നൽകിയിട്ടുണ്ട്. സുവിശേഷവല്ക്കരണത്തിന്റെയും പ്രവാസികളായ സഭാംഗങ്ങളുടെ അജപാലനത്തിന്റെയും ചുമതലയുള്ള കമ്മീഷന്റെ ആഭിമുഖ്യത്തിൽ ഇക്കാര്യങ്ങളെക്കുറിച്ച് പഠിക്കുന്നതിനും ചർച്ചചെയ്യുന്നതിനുമായി ബന്ധപ്പെട്ട രൂപതാ ഡയറക്ടർമാരുടെയും സമർപ്പിതസമൂഹങ്ങളുടെ മേജർ സുപ്പീരിയേഴ്സിന്റെയും ഒരു സമ്മേളനം നടത്തുകയുണ്ടായി. ഈ സമ്മേളനം വളരെ ഫലപ്രദമായ ഒന്നായിരുന്നു എന്നാണ് വിലയിരുത്തപ്പെട്ടത്.

**വൈദികവിദ്യാർത്ഥികളുടെ പരിശീലനം**

വൈദികാർത്ഥികളുടെ പരിശീലനം ഏറെ പ്രാധാന്യമർഹിക്കുന്ന കാര്യമായി സിനഡു പിതാക്കന്മാർ ചർച്ചചെയ്യുകയുണ്ടായി. സഭാശാസ്ത്രവിഷയങ്ങളിൽ, പ്രത്യേകിച്ച് ബൈബിളിൽ കൂടുതൽ ആഴവും സമഗ്രവുമായ അറിവും ബോദ്ധ്യവും ഉത്സാഹവും വൈദികാർത്ഥികൾക്ക് ഉണ്ടാകത്തക്കവിധം സെമിനാരിപരിശീലനം മെച്ചപ്പെടുത്തേണ്ടതു ആവശ്യമാണ്. ദൈവവചനവ്യാഖ്യാനത്തിൽ ഇന്നു നേരിടുന്ന വെല്ലുവിളികളെ ആത്മവിശ്വാസത്തോടെ അഭിമുഖീകരിക്കാൻ കഴിയത്തക്കവിധം ബൈബിൾജ്ഞാനം വൈദികവിദ്യാർത്ഥികൾക്കുണ്ടാകണം. സഭയോടും സഭാപാരമ്പര്യത്തോടും ബന്ധപ്പെടുത്തിയായിരിക്കണം ബൈബിൾ പഠനം നടക്കേണ്ടത്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് സെമിനാരി പ്രൊഫസേഴ്സ് അർപ്പണബോധത്തോടെ സ്വയം ഒരുങ്ങണമെന്നും അതിനുള്ള ക്രമീകരണങ്ങൾ നടത്തണമെന്നും പിതാക്കന്മാർ നിർദ്ദേശിക്കുകയുണ്ടായി.

**മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി**

2010 ആഗസ്റ്റ് 20-22 തീയതികളിൽ മൂന്നാമത്തെ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി നടക്കുന്നു എന്നകാര്യം നിങ്ങൾക്കറിവുള്ളതാണല്ലോ. അസംബ്ലിയുടെ ചർച്ചാവിഷയത്തെ സംബന്ധിച്ച് രൂപതകളിൽ നിന്നും വ്യക്തികളിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ 'വിശ്വാസം ജീവന്റെ സംരക്ഷണത്തിൽ' എന്ന വിഷയമാണ് സിനഡ് തീരുമാനിച്ചിരിക്കുന്നത്. അസംബ്ലിയെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ യഥാസമയം എല്ലാവരേയും അറിയിക്കുന്നതാണ്. അസംബ്ലിയുടെ വിജയത്തിനായി എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണവും പ്രാർത്ഥനയും ഞാനഭ്യർത്ഥിക്കുന്നു.

**ആരാധനക്രമഗ്രന്ഥങ്ങൾ**

വിശുദ്ധ കുർബാനയിലെ പ്രോപ്രിയാ പ്രാർത്ഥനകൾ മൂന്നു വർഷത്തെ പരീക്ഷണാർത്ഥമുള്ള ഉപയോഗത്തെത്തുടർന്ന് തിരഞ്ഞെടുക്കപ്പെട്ടവ ഉൾപ്പെടുത്തി പുതിയ കുർബാന പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. വിശുദ്ധ കുർബാനയിലെ സജീവ പങ്കാളിത്തത്തിന് ഈ നവീകരണം സഹായകമാകുമെന്ന് ഞാൻ കരുതുന്നു. കൂടാതെ പീഡാനുഭവവാര തിരുക്കർമ്മങ്ങളുടെയും സന്ന്യാസ പ്രഥമവ്രത വാഗ്ദാനക്രമത്തിന്റെയും നിത്യവ്രതവാഗ്ദാനക്രമത്തിന്റെയും സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ സമർപ്പണക്രമത്തിന്റെയും ടെക്സ്റ്റുകളും തയ്യാറാക്കി പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞു എന്നതും സന്തോഷകരമായ കാര്യമാണ്. ഇവയും യഥാവിധി ഉപയോഗപ്പെടുത്തേണ്ടതാണ്.

**പുതിയ രൂപതകളും മെത്രാന്മാരും**

ഏറെ സന്തോഷകരമായ മറ്റൊരുകാര്യം സീറോമലബാർ സഭയ്ക്ക് രണ്ട് പുതിയ രൂപതകളും ആറ് പുതിയ മെത്രാന്മാരും ഉണ്ടായി എന്നുള്ളതാണ്. പാലക്കാട്, മാനന്തവാടി എന്നീ രൂപതകൾ വിഭജിച്ച് യഥാക്രമം രാമനാഥപുരം, മണ്ഡ്യ എന്നീ രണ്ടു പുതിയ രൂപതകൾക്കൂടി ഉണ്ടായിരിക്കുന്നു. പുതിയ രൂപതകളുടെ ഇടയന്മാരായി യഥാക്രമം മാർ പോൾ ആലപ്പാട്ട്, മാർ ജോർജ് ഞരളക്കാട്ട് എന്നീ രണ്ടു മെത്രാന്മാരും നിയമിതരായിരിക്കുന്നു. 75 വയസ്സുതികഞ്ഞ താമരശ്ശേരി മെത്രാൻ മാർ പോൾ ചിറ്റിലപ്പള്ളിയും ഇരിഞ്ഞാലക്കുട മെത്രാൻ മാർ ജെയിംസ് പഴയാറ്റിലും സഭാനിയമപ്രകാരം സഭാഭരണത്തിൽ നിന്ന് വിരമിക്കുകയാണ്. തൽസ്ഥാനങ്ങളിലേക്ക് യഥാക്രമം മാർ റെമീജിയോസ് ഇഞ്ചനാനിയിലും മാർ പോളി കണ്ണൂക്കാടനും നിയമിതരായിരിക്കുന്നു. കൂടാതെ തൃശൂർ അതിരൂപത സഹായമെത്രാനായി മാർ റാഫേൽ തട്ടിലും ആദ്യത്തെ കൂരിയാമെത്രാനായി മാർ ബോസ്കോ പുത്തൂരും നിയമിതരായിരിക്കുന്നു. പുതിയ രൂപതകൾക്കും മെത്രാന്മാർക്കും വിരമിക്കുന്ന പിതാക്കന്മാർക്കും വേണ്ടി നമുക്കു പ്രാർത്ഥിക്കാം. നമ്മുടെ സഭയുടെ ശരിയായ വളർച്ചയ്ക്ക് ഇവ ഉപകരിക്കാൻ ദൈവം അനുഗ്രഹിക്കട്ടെ.

കാക്കനാട് — **വർക്കി കാർഡിനൽ വിതയത്തിൽ**

10 മാർച്ച് 2010 — സീറോ-മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

## ദൈവവിളിക്കായുള്ള പ്രാർത്ഥനാദിന സന്ദേശം – 2010 ഏപ്രിൽ 25

### പരിശുദ്ധ പിതാവ് ബെനഡിക്ട് പതിനാറാമൻ നൽകുന്ന ദൈവവിളിക്കായുള്ള 47 –ാം ആഗോള പ്രാർത്ഥനാദിന സന്ദേശം
### 25 ഏപ്രിൽ 2010 ഈസ്റ്റർ കഴിഞ്ഞ് നാലാം ഞായർ
### ചിന്താവിഷയം: സാക്ഷ്യം ദൈവവിളികളെ ഉണർത്തുന്നു

പ്രിയ സഹോദരരായ മെത്രാന്മാരേ, വൈദികരേ, പ്രിയ സഹോദരീ സഹോദരന്മാരേ,

ദൈവവിളികൾക്കായി നാല്പത്തിയേഴാം ആഗോള പ്രാർത്ഥനാദിനം ഈസ്റ്റർ കഴിഞ്ഞ് നാലാം ഞായറാഴ്ച, നല്ലിടയന്റെ ഞായറാഴ്ച, അതായത് 2010 ഏപ്രിൽ 25 – ന് ആചരിക്കുകയാണ്. വൈദികവർഷത്തിന് ഏറ്റവും ഉചിതമായ ഒരു വിഷയം നിങ്ങളുടെ ചിന്തയ്ക്കായി സമർപ്പിക്കാൻ ഇത് എനിക്ക് അവസരം നൽകുന്നു. വിഷയം ഇതാണ്: "സാക്ഷ്യം ദൈവവിളികളെ ഉണർത്തുന്നു". ദൈവവിളി വർദ്ധിപ്പിക്കാനുള്ള നമ്മുടെ പരിശ്രമങ്ങളുടെ വിജയം പ്രധാനമായും ദൈവത്തിന്റെ സ്വതന്ത്രപ്രവർത്തനത്തെ ആശ്രയിച്ചിരിക്കുന്നു. എന്നാലും ശുശ്രൂഷാ പൗരോഹിത്യത്തിലേയ്ക്കും സമർപ്പിതജീവിതത്തിലേക്കുമുള്ള കർത്താവിന്റെ വിളി സ്വീകരിച്ചവരുടെ വ്യക്തിപരവും സാമൂഹികവുമായ സാക്ഷ്യത്തിന്റെ ഗുണമേന്മയും ആഴവും അതിനു സഹായകമാണെന്ന് അജപാലനാനുഭവം സ്ഥിരീകരിക്കുന്നുണ്ട്. എന്തെന്നാൽ ക്രിസ്തുവിന്റെ വിളിയോട് ഉദാരതയോടെ പ്രത്യുത്തരിക്കാനുള്ള ആഗ്രഹം മറ്റുള്ളവരിൽ ഉണർത്താൻ അവരുടെ സാക്ഷ്യത്തിനു കഴിയും. ഈ ചിന്താവിഷയം അതുകൊണ്ട് വൈദികരുടെയും സമർപ്പിതരുടെയും ജീവിതത്തോടും ദൗത്യത്തോടും ഉറ്റബന്ധം പുലർത്തുന്ന ഒന്നാണ്. തന്മൂലം കർത്താവ് തന്റെ മുന്തിരിത്തോട്ടത്തിൽ ജോലി ചെയ്യാൻ വിളിച്ചിട്ടുള്ള എല്ലാവരും തങ്ങളുടെ വിശ്വസ്തതയാർന്ന പ്രത്യുത്തരം നവീകരിക്കണം. പ്രത്യേകിച്ച് ഈ വൈദികവർഷത്തിൽ അങ്ങനെ ചെയ്യുന്നതിന് അവരെ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ക്യൂരേ ഡി അറ്സ് എന്നറിയപ്പെടുന്ന വി. ജോൺമരിയ വിയാനിയുടെ 150 –ാം ചരമ വാർഷികത്തിൽ ഞാൻ പ്രഖ്യാപിപ്പിച്ചതാണല്ലോ വൈദികവർഷാചരണം. എല്ലാ കാലത്തും വൈദികർക്കും അജപാലകർക്കും മാതൃകയാണ് വി. ജോൺ മരിയ വിയാനി.

തങ്ങൾ പ്രഘോഷിക്കുന്ന സന്ദേശത്തിന് ജീവിതം കൊണ്ടു സാക്ഷ്യം നൽകാൻ തങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നുവെന്ന് പഴയനിയമത്തിലെ പ്രവാചകർ അറിഞ്ഞിരുന്നു. അങ്ങനെ അവർ തെറ്റിദ്ധാരണയും നിരസിക്കലും പീഡനവും നേരിടാൻ തയ്യാറായിരുന്നു. ദൈവം അവരെ

ഏൽപ്പിച്ച ദൗത്യത്തിൽ അവർ മുഴുവനായി വ്യാപരിച്ചു. ഹൃദയത്തിൽ ജ്വലിക്കുന്ന അഗ്നി പോലെയായിരുന്നു ദൗത്യം. അടക്കാനാവാത്ത അഗ്നിപോലെയായിരുന്നു അത് (cf.ജറ.20:9). തന്മൂലം തങ്ങളുടെ ശബ്ദം മാത്രമല്ല തങ്ങളുടെ അസ്തിത്വം മുഴുവനും കർത്താവിനു നൽകാൻ അവർ തയ്യാറായി.

കാലത്തിന്റെ തികവിൽ പിതാവിനാൽ അയയ്ക്കപ്പെട്ട യേശു (cf.യോഹ.5:36). എല്ലാ മനുഷ്യരോടും യാതൊരു വ്യത്യാസവും കൂടാതെ ദൈവത്തിനുള്ള സ്നേഹത്തിന് സാക്ഷ്യം വഹിച്ചു. എളിയവരോടും പാപികളോടും സമുദായഭ്രഷ്ടരോടും ദരിദ്രരോടും പ്രത്യേക ശ്രദ്ധ കാണിക്കുന്ന സ്നേഹമാണത്. ദൈവത്തെ സംബന്ധിച്ചും എല്ലാവരേയും രക്ഷിക്കാനുള്ള ദൈവികതാത്പര്യത്തെ സംബന്ധിച്ചും നൽകപ്പെട്ട ഏറ്റവും വലിയ സാക്ഷ്യം യേശുക്രിസ്തുവാണ്. പുതുയുഗത്തിന്റെ പ്രാരംഭത്തിൽ, സ്നാപകയോഹന്നാൻ ജീവിതം മുഴുവനും ക്രിസ്തുവിനു വഴിയൊരുക്കാൻ വിനിയോഗിച്ചു. നസ്രത്തിലെ മറിയത്തിന്റെ പുത്രനായ യേശുവിൽ ദൈവത്തിന്റെ വാഗ്ദാനങ്ങൾ പൂർത്തിയായെന്ന് സാക്ഷ്യം നൽകി. യോഹന്നാൻ യോർദ്ദാൻ നദിയിൽ മാമ്മോദീസ നൽകിക്കൊണ്ടിരിക്കേ യേശു അവിടേക്ക് വരുന്നതു കണ്ടപ്പോൾ, തന്റെ ശിഷ്യർക്ക് യേശുവിനെ ചൂണ്ടിക്കാണിച്ചു കൊടുക്കുകയും ലോകപാപം നീക്കുന്ന ദൈവത്തിന്റെ ചെമ്മരിയാട്ടിൻകുട്ടിയാണിവനെന്ന് (യോഹ.1:29) പറയുകയും ചെയ്തു. യോഹന്നാന്റെ സാക്ഷ്യം വളരെ ഫലപ്രദമായിരുന്നു. അദ്ദേഹത്തിന്റെ രണ്ടു ശിഷ്യന്മാർ അദ്ദേഹം അങ്ങനെ പറയുന്നതു കേട്ടിട്ട് യേശുവിനെ അനുഗമിച്ചു (യോഹ.1:37).

പത്രോസിനെ വിളിക്കുന്ന സംഭവവും ഇതുപോലെ തന്നെയാണ്. യോഹന്നാന്റെ സുവിശേഷത്തിൽ നാം വായിക്കുന്നതുപോലെ, അന്ത്രയോസിന്റെ സാക്ഷ്യംവഴിയാണ് അതു സംഭവിച്ചത്. പത്രോസിന്റെ സഹോദരനായ അന്ത്രയോസ് ദിവ്യഗുരുവിനെ കാണുകയും അവിടുത്തോടൊപ്പം താമസിക്കാനുള്ള ക്ഷണം സ്വീകരിക്കുകയും ചെയ്തു. കർത്താവിനോടൊപ്പം താമസിച്ചതുവഴി താൻ കണ്ടെത്തിയത് പെട്ടെന്ന് പത്രോസുമായി പങ്കുവെയ്ക്കണമെന്ന് അന്ത്രയോസിനു തോന്നി: “ഞങ്ങൾ മിശിഹായെ കണ്ടു”. “അവനെ യേശുവിന്റെ അടുക്കലേക്കു കൊണ്ടുവന്നു” (യോഹ.1:41-42). നഥാനിയേൽ, ബർത്തലോമിയോ എന്നിവരുടെ കാര്യത്തിലും ഇതുപോലെ തന്നെയാണ് സംഭവിച്ചത്. മറ്റൊരു ശിഷ്യനായ ഫിലിപ്പിന്റെ സാക്ഷ്യം വഴിയാണ് അവർ വിളിക്കപ്പെട്ടത്. മോശയുടെ നിയമത്തിലും പ്രവാചകഗ്രന്ഥങ്ങളിലും ആരെപ്പറ്റി എഴുതിയിരിക്കുന്നുവോ അവനെ - ജോസഫിന്റെ മകനെ, നസ്രത്തിൽ നിന്നുള്ള യേശുവിനെ - ഞങ്ങൾ കണ്ടു (യോഹ.1:45). എന്നിങ്ങനെ തന്റെ വലിയ കണ്ടെത്തലിനെക്കുറിച്ച് ഫിലിപ്പ് സന്തോഷപൂർവ്വം പറഞ്ഞു. ദൈവത്തിന്റെ സൗജന്യവും സ്വതന്ത്രവുമായ വിളി മനുഷ്യനു ലഭിക്കുന്നു. ദൈവത്തിന്റെ ക്ഷണം സ്വീകരിച്ചവർ സാക്ഷ്യത്തിലൂടെ

അവിടുത്തെ വിളിയുടെ ഉപകരണങ്ങളാകാൻ കടപ്പെട്ടിരിക്കുന്നു. ആ കടമ ഏറ്റെടുക്കാൻ ദൈവത്തിന്റെ വിളി മനുഷ്യന്റെ ഉത്തരവാദിത്വ ബോധത്തെ വെല്ലുവിളിക്കുന്നു. സഭയിൽ ഇന്നും ഇതു സംഭവിക്കുന്നുണ്ട്. ദൈവജനത്തിന്റെ സേവനത്തിനായി പുതിയ വൈദിക-സന്യസ്ത വിളികളെ ഉണർത്താൻ തങ്ങളുടെ ദൗത്യത്തോട് വിശ്വസ്തതയുള്ള വൈദികരുടെ സാക്ഷ്യം കർത്താവ് ഉപയോഗിക്കുന്നു. ഇക്കാരണത്താൽ ഫലപ്രദമായ വൈദികസാക്ഷ്യത്തിന് അടിസ്ഥാനപരമെന്ന് കരുതുന്ന വൈദിക ജീവിതത്തിലെ മൂന്നു ഘടകങ്ങൾ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഒന്നാമത്തെ അടിസ്ഥാനഘടകം യേശുവുമായുള്ള സൗഹൃദ ബന്ധമാണ്. അത് വൈദികത്വത്തിലേക്കും സന്യാസജീവിതത്തിലേക്കുമുള്ള ഓരോ വിളിയിലും കാണാം. യേശു പിതാവുമായുള്ള നിരന്തരമായ ഐക്യത്തിൽ ജീവിച്ചു. അതേ അനുഭവമുണ്ടാകാൻ ശിഷ്യന്മാരെ ഉത്സുകരാക്കിയത് ആ വസ്തുതയാണ്. ദൈവവുമായുള്ള ഐക്യത്തിലും നിരന്തരമായ സംഭാഷണത്തിലും ജീവിക്കാൻ അവർ യേശുവിൽ നിന്നു പഠിച്ചു. വൈദികൻ ദൈവത്തിന്റെ മനുഷ്യനാണെങ്കിൽ ദൈവത്തെ അറിയാനും സ്നേഹിക്കാനും മറ്റുള്ളവരെ പഠിപ്പിക്കും. ദൈവവുമായുള്ള അഗാധമായ അടുപ്പം പരിപോഷിപ്പിക്കാതിരിക്കാൻ അയാൾക്കു കഴിയുകയില്ല. ദൈവസ്നേഹത്തിൽ വസിച്ചുകൊണ്ടും അവിടുത്തെ വചനം ശ്രവിച്ചുകൊണ്ടും അപ്രകാരം ചെയ്യും. പ്രാർത്ഥനയാണ് ദൈവവിളികളെ ഉണർത്താനുള്ള സാക്ഷ്യത്തിന്റെ പ്രഥമരൂപം. ഗുരുവിനെ ഞാൻ അറിഞ്ഞുവെന്ന് തന്റെ സഹോദരനോട് അന്ത്രയോസ് അപ്പസ്തോലൻ പറയുന്നു. അതുപോലെ ക്രിസ്തുവിന്റെ ശിഷ്യനും സാക്ഷിയുമാകാൻ ആഗ്രഹിക്കുന്ന ഏതു വ്യക്തിയും ക്രിസ്തുവിനെ വ്യക്തിപരമായി കണ്ടിട്ടുണ്ടാവണം. വ്യക്തിപരമായി അറിഞ്ഞിരിക്കണം; അവിടുത്തെ സ്നേഹിക്കാനും അവിടുത്തോടൊപ്പം വസിക്കാനും പഠിച്ചിരിക്കണം.

വൈദികജീവിതത്തിനും സന്യസ്തജീവിതത്തിനുമുള്ള സമർപ്പണത്തിന്റെ മറ്റൊരു ഘടകം സമ്പൂർണ്ണദാനമായി ദൈവത്തിനു സ്വയം സമർപ്പിക്കുകയെന്നതാണ്. യോഹന്നാൻ ശ്ലീഹ എഴുതുന്നു:"ക്രിസ്തു സ്വന്തം ജീവൻ നമുക്കുവേണ്ടി പരിത്യജിച്ചു എന്നതിൽ നിന്ന് സ്നേഹം എന്തെന്ന് നാം അറിയുന്നു. നമ്മളും സഹോദരർക്കുവേണ്ടി ജീവൻ പരിത്യജിക്കാൻ കടപ്പെട്ടിരിക്കുന്നു" (1യോഹ.3:16). കുരിശിലുള്ള അന്തിമമായ സ്വയംദാനംകൊണ്ട് പോലും ജീവിതത്തിലെല്ലാം പിതൃഹിതം നിറവേറ്റിയ യേശുവിന്റെ മനസിലേക്കു പ്രവേശിക്കാൻ ഈ വാക്കുകളിലൂടെ അദ്ദേഹം ശിഷ്യരെ ക്ഷണിക്കുകയാണ്. ഇവിടെ ദൈവത്തിന്റെ കാരുണ്യം അതിന്റെ പൂർണ്ണതയിൽ പ്രദർശിപ്പിക്കപ്പെടുന്നു. തിന്മയുടെയും പാപത്തിന്റെയും മരണത്തിന്റെയും അന്ധകാരത്തെ കീഴടക്കിയ കരുണാപൂർണമായ സ്നേഹമാണത്. യേശു അന്തിമ

അത്താഴസമയത്ത്, എഴുന്നേറ്റ് മേലങ്കി മാറ്റി ഒരു തുവാലയെടുത്ത് അരയിൽ ചുറ്റി ഒരു താലത്തിൽ വെള്ളമെടുത്ത് കുനിഞ്ഞ് ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി. പിതൃഹിതത്തോടുള്ള അനുസരണത്തിൽ അവിടുത്തെ സേവനബോധവും അവിടുത്തെ മുഴുവൻ അസ്തിത്വത്തിലും വെളിവാക്കപ്പെട്ട ദാനവും ഈ പ്രവൃത്തിയിൽ പ്രകടമാകുന്നു (cf. യോഹ. 13: 3–15). സവിശേഷസമർപ്പണത്തിന്റെ ജീവിതത്തിലേക്ക് വിളിക്കപ്പെട്ട ഓരോ വ്യക്തിയും യേശുവിനെ അനുകരിച്ച് താൻ പൂർണ്ണമായി ദൈവത്തിനു സമർപ്പിക്കപ്പെട്ടിരിക്കുന്നുവെന്ന് സാക്ഷ്യപ്പെടുത്തണം. ദൈവപരിപാലന അജപാലനശുശ്രൂഷയിൽ തന്നെ ഭരമേൽപ്പിച്ചിരിക്കുന്നവർക്ക് സ്വയം സമർപ്പിക്കാൻ ഒരു വ്യക്തിക്കുള്ള കഴിവിന്റെ ഉറവിടം അതാണ്. ആ സമർപ്പണം സമ്പൂർണ്ണവും സ്ഥിരവും വിശ്വസ്തതാപൂർണ്ണമായഭക്തിയുള്ളതുമായിരിക്കണം. അനേകം സഹോദരീസഹോദരന്മാരുടെ യാത്രയിൽ സഹയാത്രികനാകുന്നതിലുള്ള സന്തോഷത്തോടുകൂടിയതും ക്രിസ്തുവിനെ കണ്ടുമുട്ടാൻ അവരെ സഹായിക്കുന്നതുമായിരിക്കണം. അവിടുത്തെ വചനങ്ങൾ അങ്ങനെ അവരുടെ പാദങ്ങൾക്ക് വിളക്കായിത്തീരും. ദൈവരാജ്യത്തെപ്രതി സഹോദരീസഹോദരന്മാർക്ക് സ്വയം സന്തോഷപൂർവ്വം സമർപ്പിച്ചു ജീവിക്കുന്ന ഒരു വൈദികന്റെ സാക്ഷ്യത്തോടു ബന്ധപ്പെട്ടാണ് ഓരോ ദൈവവിളിയുമുണ്ടാകുന്നത്. വൈദികന്റെ സാന്നിധ്യവും വാക്കുകളും ചോദ്യങ്ങൾ ഉണർത്താനും തീരുമാനങ്ങളിലേക്കു നയിക്കാനും കഴിവുള്ളവയാണ് എന്നതുമാണ് അതിന്റെ കാരണം. (cf. ജോൺപോൾ രണ്ടാമൻ, സിനഡനന്തരശ്ലൈഹികാഹ്വാനം, 'നിങ്ങൾക്ക്  ഞാൻ അജപാലകരെ നൽകും,' 39).

വൈദികന്റെയും സമർപ്പിതന്റെയും മൂന്നാമത്തെ അവശ്യസവിശേഷത കൂട്ടായ്മയുടെ ജീവിതമാണ്. തന്റെ ശിഷ്യരായിരിക്കാൻ ആഗ്രഹിക്കുന്നവർക്കുണ്ടായിരിക്കേണ്ട അടയാളം സ്നേഹത്തിലുള്ള അഗാധമായ കൂട്ടായ്മയാണെന്ന് യേശു കാണിച്ചു തന്നിട്ടുണ്ട്. നിങ്ങൾക്ക് പരസ്പര സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ  ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും(യോഹ13:35). വൈദികൻ പ്രത്യേകമായൊരു വിധത്തിൽ കൂട്ടായ്മയുടെ മനുഷ്യനായിരിക്കണം. എല്ലാവരോടും തുറവിയുള്ളവനും കർത്താവിന്റെ നന്മ ഭരമേല്പിച്ച തീർത്ഥാടക സമൂഹത്തെ ഒന്നിച്ചുകൂട്ടാൻ കഴിവുള്ളവനുമായിരിക്കണം. വേർതിരിവുകളെ കീഴടക്കാനും പിളർപ്പുകൾ ഇല്ലാതാക്കാനും തർക്കങ്ങളും തെറ്റിദ്ധാരണകളും പരിഹരിക്കാനും ദ്രോഹങ്ങൾ ക്ഷമിക്കാനും സഹായിച്ചുകൊണ്ട് അപ്രകാരം ചെയ്യുന്നവനായിരിക്കണം. യുവവൈദികർ ഒറ്റപ്പെട്ട ശോകമൂകരായി കാണപ്പെട്ടാൽ അവരുടെ മാതൃക പിന്തുടരാൻ ആർക്കും തോന്നുകയില്ലെന്ന് 2005 ജൂലൈ മാസത്തിൽ ആവോസ്തയിലെ വൈദികരോടു സംസാരിച്ചപ്പോൾ ഞാൻ പറയുകയുണ്ടായി. അതാണ് വൈദിക ജീവിതമെന്ന് അവർക്കു തോന്നിയാൽ അവർ ശങ്കാ

കുലരായിത്തീരും. നേരെമറിച്ച്, കൂട്ടായ്മയുടെ ജീവിതമാതൃകയാണ് അവർക്കു കാണേണ്ടത്: ഒരു വൈദികനായിരിക്കുന്നതിന്റെ സൗന്ദര്യം അത് അവർക്കു വെളിപ്പെടുത്തും. അപ്പോൾ മാത്രമേ ഒരു യുവാവ് ഇപ്രകാരം പറയുകയുള്ളൂ. "കൊള്ളാം ഇതായിരിക്കണം എന്റെ ഭാവി എനിക്ക് ഇങ്ങനെ ജീവിക്കാനാവും"(Insignamenti l [2005] 354). രണ്ടാം വത്തിക്കാൻ സൂനഹദോസ് ദൈവവിളികളെ ഉണർത്തുന്ന സാക്ഷ്യത്തെപ്പറ്റി പറയുന്നുണ്ട്: വൈദികർ കാണിക്കേണ്ട പരസ്നേഹത്തിന്റെയും സഹോദരപരമായ സഹകരണത്തിന്റെയും മാതൃകയേക്കുറിച്ചാണ് സൂനഹദോസ് ഊന്നിപ്പറയുന്നത്. (cf.ഡിക്രി. ഒപ്താത്താം തേസിയൂസ് 2).

വന്ദ്യനായ എന്റെ മുൻഗാമി ജോൺ പോൾ രണ്ടാമൻ പറഞ്ഞ വാക്കുകൾ ഇവിടെ ഓർമ്മിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. വൈദികരുടെ ജീവിതം, ദൈവത്തിന്റെ ആട്ടിൻപറ്റത്തോടുള്ള അവരുടെ വ്യവസ്ഥാതീതമായ സമർപ്പണം, കർത്താവിനും അവിടുത്തെ സഭയ്ക്കും അവർ ചെയ്യുന്ന സ്നേഹപൂർണമായ സമർപ്പണത്തിന്റെ സാക്ഷ്യം, (പ്രത്യാശയുടെയും ഉത്ഥാനത്തിന്റെ സന്തോഷത്തിന്റെയും ചൈതന്യത്തിൽ, സ്വമനസാലെയുള്ള കുരിശിന്റെ സ്വീകരണത്താൽ മുദ്രിതമായ സാക്ഷ്യമാണിത്), അവരുടെ സഹോദരപരമായ ഐക്യം, ലോകത്തിന്റെ സുവിശേഷവത്ക്കരണത്തിനുള്ള അവരുടെ തീക്ഷ്ണത എന്നിവയല്ലാം കൂടി ദൈവവിളികളുടെ വർദ്ധനവിനുള്ള പ്രഥമവും അങ്ങേയറ്റം ഉത്തമാവബോധമുണ്ടാക്കുന്നതുമായ ഒരു ഘടകമായിത്തീരും. ('നിങ്ങൾക്കു ഞാൻ അജപാലകരെ നൽകും,' 41). വൈദിക ദൈവവിളികളുണ്ടാകുന്നത് വൈദികരുമായിട്ടുള്ള സമ്പർക്കത്തിൽ നിന്നാണെന്നു പറയാം. വാക്ക്, മാതൃക, ജീവിതത്തിന്റെ മുഴുവൻ ശൈലിയും എന്നിവ വഴി കൈമാറുന്ന അമൂല്യപൈതൃകം പോലെയാണ് ആ സമ്പർക്കം.

സമർപ്പിത ജീവിതത്തെക്കുറിച്ചും ഇങ്ങനെ തന്നെ പറയാനാവും. സന്യസ്തരായ സ്ത്രീപുരുഷന്മാരുടെ ജീവിതം തന്നെ ക്രിസ്തുവിന്റെ സ്നേഹത്തെ പ്രഘോഷിക്കുന്നുണ്ട്. സുവിശേഷത്തോടുള്ള പൂർണവിശ്വസ്തതയിൽ അവർ ക്രിസ്തുവിനെ പിഞ്ചെല്ലുന്നിടത്തും വിധിനിർണ്ണയത്തിനും പെരുമാറ്റത്തിനും സുവിശേഷത്തിന്റെ മാനദണ്ഡങ്ങളെ അവർ സന്തോഷപൂർവ്വം സ്വന്തമാക്കുന്നിടത്തുമെല്ലാം അപ്രകാരം ചെയ്യുന്നു. അവർ ലോകത്തിന് എതിർപ്പിന്റെ അടയാളമായിത്തീരുന്നു. ലോകത്തിന്റെ ചിന്താരീതി മിക്കപ്പോഴും ഭൗതികവാദം, സ്വാർത്ഥത, വ്യക്തിവാദം എന്നിവയാൽ പ്രചോദിപ്പിക്കപ്പെട്ടവയാണല്ലോ. ആത്മപരിത്യാഗം വഴി അവർ ക്രിസ്തുവിന്റേതായതുകൊണ്ടുള്ള അവരുടെ വിശ്വസ്തതയും അവരുടെ സാക്ഷ്യത്തിന്റെ ശക്തിയും, ക്രിസ്തുവിനെ അനുഗമിക്കാനുള്ള ആഗ്രഹം യുവജനഹൃദയങ്ങളിൽ ഉണർത്തും, ഉദാരതാപൂർണ്ണവും സമ്പൂർണ്ണവുമായ വിധത്തിൽ അനുഗമിക്കാനുള്ള ആഗ്രഹം ജനിപ്പിക്കും. നിർമ്മലനും ദരിദ്രനും അനുസരിക്കുന്നവനു

മായ ക്രിസ്തുവിനെ അനുഗമിക്കുക, അവിടുത്തോട് താദാത്മ്യപ്പെടുക: ഇതാണ് സമർപ്പിതജീവിതത്തിന്റെ ആദർശം. മനുഷ്യജീവിതത്തിലും ചരിത്രത്തിലും ദൈവത്തിനുള്ള പരമമായ പ്രാഥമ്യത്തിനുള്ള സാക്ഷ്യം നൽകലാണത്.

ഓരോ വൈദികനും ഓരോ സമർപ്പിതവ്യക്തിയും തന്റെ വിളിയോട് വിശ്വസ്തത പുലർത്തുമ്പോൾ ക്രിസ്തുവിനെ സേവിക്കുന്നതിന്റെ സന്തോഷം പ്രസരിപ്പിക്കുന്നു. വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയോട് പ്രത്യുത്തരിക്കാൻ എല്ലാ ക്രൈസ്തവരേയും പ്രേരിപ്പിക്കുന്നു. അതുകൊണ്ട്, ശുശ്രൂഷാ പൗരോഹിത്യത്തിലേയ്ക്കും സമർപ്പിതജീവിതത്തിലേയ്ക്കുമുള്ള വിളികളെ വളർത്താനും, വിളികളുടെ തിരിച്ചറിയൽ വളർത്തുന്നതിൽ കൂടുതൽ കാര്യക്ഷമത പുലർത്താനും, ദൈവത്തോടും ഓരോ വ്യക്തിയെ സംബന്ധിച്ചും അവിടുത്തോടുള്ള പദ്ധതിയോടും അതേ എന്നു പറഞ്ഞവരുടെ മാതൃക നമുക്ക് അത്യാവശ്യമാണ്. വസ്തുനിഷ്ഠവും അസ്തിത്വപരവുമായ തിരഞ്ഞെടുപ്പുകളുടെ രൂപത്തിലുള്ള വ്യക്തിപരമായ സാക്ഷ്യം, യുവജനത്തെ പ്രോത്സാഹിപ്പിക്കും. അവരുടെ ഭാവിയെ ബാധിക്കുന്ന ത്യാഗപൂർണ്ണമായ തീരുമാനങ്ങളെടുക്കാൻ പ്രോത്സാഹിപ്പിക്കും. അവരെ സഹായിക്കുന്നവർക്ക് കണ്ടുമുട്ടലിനും സംവാദത്തിനും ആവശ്യമായ വൈദഗ്ദ്യമുണ്ടായിരിക്കണം. അവരെ പ്രകാശിപ്പിക്കാൻ അവയ്ക്കു കഴിയും. അവരോടൊപ്പം പോകാനും അവരെ സഹായിക്കുന്നവർക്കു കഴിയണം. സർവ്വോപരി, ഒരു വിളിയെന്നനിലയിൽ നയിക്കുന്ന ജീവിതം വഴിയാണ് അങ്ങനെ ചെയ്യേണ്ടത്. ഇതാണ് ആർസിലെ വികാരി ചെയ്തത്: അദ്ദേഹം എപ്പോഴും ഇടവകക്കാരുമായി ഉറ്റബന്ധം പുലർത്തിയിരുന്നു. അദ്ദേഹം അവരെ "പ്രധാനമായും തന്റെ ജീവിതസാക്ഷ്യം വഴി പഠിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ മാതൃകയിൽ നിന്നാണ് വിശ്വാസികൾ പ്രാർത്ഥിക്കാൻ പഠിച്ചിരുന്നത്" ('വൈദികവർഷ പ്രഖ്യാപനരേഖ,' 16 ജൂൺ 2009).

അനേകം യുവതീയുവാക്കൾക്ക് തങ്ങളുടെ വിളിയെക്കുറിച്ചു ചിന്തിക്കാനും ലാളിത്യത്തോടും ആത്മധൈര്യത്തോടും പൂർണമായ തുറവിയോടുംകൂടി അതിനോടു വിശ്വസ്തത പുലർത്താനും ഈ ലോകദിനം സഹായകമാകട്ടെ. കർത്താവു തന്നെ അടുത്ത് അനുഗമിക്കാൻ വിളിക്കുന്നവരുടെ ഹൃദയങ്ങളിലുള്ള ദൈവവിളിയുടെ ഓരോ ചെറിയ വിത്തും നഷ്ടപ്പെടാതിരിക്കാൻ സഭയുടെ അമ്മയായ കന്യകാമറിയം കാത്തുപാലിക്കട്ടെ. ആ വിത്ത് വളർന്ന് വൃക്ഷമായി, സഭയ്ക്കും മുഴുവൻ മനുഷ്യവംശത്തിനും ധാരാളം നല്ല ഫലങ്ങൾ പ്രദാനം ചെയ്യാൻ അവൾ സഹായിക്കട്ടെ. ഈ പ്രാർത്ഥനയോടെ നിങ്ങൾക്ക് എല്ലാവർക്കും ഞാൻ അപ്പസ്തോലികാശീർവ്വാദം നൽകുന്നു.

പി.ഒ.സി.കൊച്ചി — വത്തിക്കാനിൽ നിന്ന് നവംബർ 13, 2009

18-02-2010 — **ബെനഡിക്ട് 16 - ാമൻ മാർപാപ്പ**

## CATHOLIC BISHOPS' CONFERENCE OF INDIA (CBCI)
## STATEMENT OF 29th CBCI GENERAL BODY MEETING
## "YOUTH FOR PEACE AND HARMONY"
### GUWAHATI: 24 February-3 March 2010

1. Inspired by the Holy Spirit and keenly aware of the responsibility placed on us to shepherd the flock of Christ, We, 157 Catholic Bishops of India , met for the 29th General Body Meeting of the Catholic Bishops' Conference of India (CBCI) at Don Bosco institute, Guwahati from 24 February to 3 March 2010, to reflect on and pray over the theme **'Youth for Peace and Harmony'** . Providentially, it happened to be the silver Jubilee of the International Year of Youth (1985-2010). Attending the Meeting were also the CBCI Commission Secretaries, some office bearers of the Conference of Religious of India and the Catholic Council of India along with the National Director of the Indian Catholic Youth Movement (ICYM) and 51 youth delegates from the 13 regions of the country.
2. The relevance of the theme of our Meeting is evident from the fact that while the country is marching forward rapidly, it is simultaneously experiencing discord, disharmony and violence on several fronts. The church has always stood for the unity and integrity of the country as a Sovereign Democratic Republic and has been against violence even for the attainment of legitimate goals. The face of India today is **'young'** - the population trends point towards the average Indian being less than 30 years of age by 2020. Hence, the Church wants very much to harness the enthusiasm of youth in the cause of peace and harmony. Education should propel the young generation to go beyond differences and appreciate the diversity of cultures, languages, regions, and religions to create a culture of peace and harmony where everyone will be respected as human beings, free to profess, practice and propagate one's religion.
3. The Church has always had young people and their integral development close to her heart. "The Bishop, as pastor and father of the Christian community, will be particularly concerned for the evangelization and spiritual accompaniment of young people. A minister of hope can hardly fail to build the future together with those to whom the future is entrusted, that is, with young people" (*Pastors Gregis, 53*). Again, *Christifideles Laici,* 46 states: "… the Church sees her path towards

the future in the youth, beholding in them a reflection of herself and her call to that blessed youthfulness which she constantly enjoys as a result of Christ's Spirit". Pope Benedict XVI strongly affirms: "Without this young face, the Church would appear disfigured" (*Sao Paulo, Brazil, May 10, 2007*).

4. Globalization has made an impact on all, especially on young people. It has contributed to an economic resurgence in general and ushered in great opportunities and possibilities. At the same time, it has left large sections of poor marginalized young people frustrated by contributing to increasing levels of poverty and unemployment. It has adversely affected family relationships. It has led to the collapse of the traditional rural economy, causing an agrarian crisis, thereby leading to spiritual, cultural and political unrest.
5. We are concerned about the **migration** of young people from rural areas to towns and cities in India and abroad. We are aware of its consequences: the exploited and degrading existence of especially of young women, and of young people with no skills and economic backing, forced to live away from their family, community and cultural moorings. We share their anxiety about their present and future.
6. The **Youth Survey** carried out by the ICYM in preparation for this Assembly enlightened us on the situation of youth in relation to society and the Church.

**6.1 We listened with interest and humility to the voice of youth telling us that:**

a. They appreciate their Catholic faith and would love to participate more in Church life if given encouragement and support. At the same time many young people feel a sense of disconnect with Church language, expressions and priorities;
b. They need to be empowered to be architects of their destiny by providing them youth-friendly platforms at all levels of the Church. Their participation in social action has to be more marked;
c. A number of young people have sadly become victims of substance and sex abuse. This is a matter for serious concern;
d. They need a Church which welcomes them to participate, is patient and forgiving when they fail, guides them in their life choices and helps them grow into mature, responsible, Christian adulthood - a Church that accompanies them at all times and in all circumstances.

**6.2 We appreciate**

a. The genuineness of young people in their search for wholeness and their struggles to live their faith and Gospel values;

b. Their striving to be 'spiritual' even when some among the clergy seem to fail to adequately respond to their aspirations;

c. The spiritual depth and the tremendous amount of dedication witnessed in some members of the ecclesial organizations working for the renewal of youth.

7. We look to Jesus as our model in our ministry to youth. Jesus sees hope and life in the little girl who is dead (Lk. 8:40-52). He determinedly steps in to stop the funeral procession of a young man, the son of a widow (Lk. 7:11-17).. **HE STOPS THE JOURNEY OF DEATH.** Young people find themselves in many death-dealing situations. They need the **LIFE** Jesus offers - Life in all its fullness (Jn. 10:10). Youth need us, like Jesus, to **"touch"** them, **"challenge"** them to stand up and **"entrust"** them back healed and living to the **"mother"** - to the community, to the nation and to the Church.

8. In the light of our reflection on the Word of God, the teachings of the Church, the voice of young people and the deliberations of the Catholic Council of India held on Jan. 9-12, 2010, we, the Bishops of India, are committed:

a. To make youth ministry an integral part of Church's ministry, presenting to youth the Lord Jesus who loves them and challenges them to the fullness of life;

b. To facilitate a Trinitarian, communitarian and ecclesial experience of spirituality for the youth, making them familiar with the teachings of the Church and leading them to the Eucharist as the source and summit of Christian life (*Lumen Gentium,* 11) and the mainspring of Christian service;

c. To provide care and support for migrant youth, using the nation wide network of Church institutions, parishes and personnel. They need to be formed in the ecclesial tradition of their *sui iuris* (ritual) Church even as they seek to get integrated into the culture and language of the place to which they have migrated;

d. To create more opportunities for youth from dalit, backward classes, tribal and remote rural communities for quality education and professional skills training;

e. To utilize the reach and power of technology and media for wider and creative engagement with youth;

f. To empower young people to be constructively involved in issues like climate change, environmental degradation, natural and man-made disaster management.

9. **To fulfill our commitment to youth, we adopt the following course of action:**

a. Work towards a National Youth Policy and Pastoral Plan to be drawn up by the CBCI Youth Department as a road map for action;

b. Ensure adequate funds for youth ministry;

c. Design or adopt a family life education programme to be integrated into youth ministry trainings, to help Christian families shoulder the task of forming their young members;

d. Have dedicated youth directors to consolidate ICYM units at diocesan and regional levels and strengthen the other structures of youth ministry in every diocese so as to move towards a commonly accepted goal through a diversity of Charisms;

e. Introduce training in youth ministry as an integral part of seminary formation.

വയനാട്ജില്ലാ മദ്യവിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ 1-3-10 ന് കല്പറ്റയിൽ നടന്ന റാലിയിലും കലക്ട്രേറ്റ് ധർണയിലും കെ.സി.വൈ.എം.നെ പ്രതിനിധീകരിച്ച് ഡയറക്ടർ റവ.ഫാ. സണ്ണി കൊല്ലാർതോട്ടം, ശ്രീ. ബെന്നി പച്ചിക്കൽ എന്നിവരുടെ നേതൃത്വത്തിൽ 10 യുവജനങ്ങൾ പങ്കെടുത്തു.

**സംസ്ഥാന പ്രവർത്തനവർഷ ഉദ്ഘാടനം**

7-3-10 ന് എറണാകുളത്ത് വച്ച് നടന്ന സംസ്ഥാന കർമ്മപദ്ധതി പ്രകാശനത്തിലും പ്രവർത്തനവർഷം ഉദ്ഘാടനത്തിലും രൂപതാപ്രസിഡണ്ട് സജിൻ ജോസ് ചാലിൽ പങ്കെടുത്തു.

**യുവസാന്ത്വന കൗൺസലിംഗ് സെന്റർ ഉദ്ഘാടനം**

യുവമനസ്സുകളുടെ പിരിമുറുക്കങ്ങളിലേക്ക് സാന്ത്വനത്തിന്റെ തൂവൽ സ്പർശമായി കെ.സി.വൈ.എം. മാനന്തവാടി രൂപത 'യുവസാന്ത്വന' എന്ന പേരിൽ കൗൺസലിംഗ് സെന്റർ ഉദ്ഘാടനം ചെയ്തു. 10-3-10 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് റവ.ഫാ. ബാബു പാറയിൽ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. രൂപതാ ജനറൽ സെക്രട്ടറി ബെന്നി പച്ചിക്കൽ സ്വാഗതവും, റവ.ഫാ. സണ്ണി കൊല്ലാർതോട്ടം ആമുഖപ്രഭാഷണവും നടത്തി. രൂപത പ്രസിഡണ്ട് സജിൻ ചാലിൽ അദ്ധ്യക്ഷനായിരുന്നു. സി. ആൻസ്മരിയ എസ്.എ.ബി.എസ്., സി. ഡോണ എസ്.സി.വി. എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

**സഹനവിമോചന ഉപവാസസമരം**

വിലക്കയറ്റത്തിനും, കാർഷിക വിലത്തകർച്ചയ്ക്കുമെതിരെ കെ.സി. വൈ.എം. മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ വയനാട് കലക്ട്രേറ്റ് പടിക്കൽ ഉപവാസസമരം നടത്തി. കർഷകരുടെ ഉന്നമനത്തിനുവേണ്ടിയും സാധാരണ ജനങ്ങളുടെ ജീവിതത്തെ സാരമായി ബാധിച്ച വിലക്കയറ്റം നിയന്ത്രിക്കുന്നതിനുവേണ്ടിയും, ദേശീയപാത 212 ലെ രാത്രികാല ഗതാഗത നിരോധന നിയമത്തിനെതിരെ പ്രത്യേക ഓർഡിനൻസ് ഇറക്കുക, കേരള ഗവൺമെൻറ് നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന മദ്യക്കോള പിൻവലിക്കുക എന്നീ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുമാണ് ഉപവാസസമരം നടത്തിയത്. വിലവിവരപ്പട്ടികകണ്ട് തലയിൽ കൈവച്ച് പകച്ചുപോകുന്ന ജനങ്ങളുടെ പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കാണണമെന്നും മനുഷ്യനെ മറന്നുകൊണ്ടുള്ള വനജീവി സ്നേഹം കാപട്യമാണെന്നതിന്റെ തെളിവാണ് ദേശീയപാതയിലെ രാത്രിഗതാഗത നിരോധനമെന്നും ഉപവാസസമരം ഉദ്ഘാടനം ചെയ്ത വികാരി ജനറാൾ മോൺ. ജോർജ് മൂലയിൽ അഭിപ്രായപ്പെട്ടു. കുടുംബ ബന്ധങ്ങളുടെ ശിഥിലീകരണത്തിലേക്ക് നയിക്കുന്നത് മദ്യമാണെന്നിരിക്കെ സ്ത്രീകളെയും കുട്ടികളെയും മദ്യസംസ്കാരത്തിലേക്ക് കൈപിടിച്ചു നയിക്കാനാണ് മദ്യക്കോള നടപ്പിൽ വരുത്തുന്നതിലൂടെ കേരളസർക്കാർ ഉദ്ദേശിക്കുന്നത്. ഏതുവിധേനയും മദ്യക്കോളയുടെ വിപണനം തടയുവാൻ കെ.സി.വൈ.എം. പ്രതിജ്ഞാബദ്ധമാണ്. ഇതിനെതിരെ കൂടുതൽ പ്രക്ഷോഭം ആരംഭിക്കും. കെ.സി.വൈ.എം. മാനന്തവാടി രൂപത പ്രസിഡണ്ട് സജിൻ ജോസ് ചാലിൽ, ഡയറക്ടർ റവ. ഫാ. സണ്ണി കൊല്ലാർതോട്ടം, ബെന്നി പച്ചിക്കൽ, സീന എടമറ്റത്തിൽ, വിപിൻ പനമട, ആന്റണി മങ്കടപ്ര, സന്തോഷ് ഞാറക്കുളം, സി. ജെസ്ലിമ എസ്.ഡി., മാത്യു തറയിൽ, ജോസ് പള്ളത്ത്, അനീഷ് ഓമക്കര, ബിനോയി പാനികുളം എന്നിവർ സംസാരിച്ചു.

**'യുവസാന്ത്വന'- കൗൺസിലിംഗ് സെന്റർ**

ജീവിതത്തിലെ വിവിധ പ്രശ്നങ്ങളാൽ വീർപ്പുമുട്ടി അസ്വസ്ഥരായി കഴിയുന്ന യുവജനങ്ങൾക്ക് സാന്ത്വനമേകുവാൻ, പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ ജീവിത യാഥാർത്ഥ്യങ്ങളെ മനോധൈര്യത്തോടും ആത്മ

വിശ്വാസത്തോടുംകൂടെ നേരിടുവാൻ ശാസ്ത്രീയമായരീതിയിൽ കൗൺസി ലിംഗ് കൊടുക്കുന്ന **'യുവസാന്ത്വന'** കൗൺസിലിംഗ് സെന്ററിന്റെ പ്രവർത്ത നമാരംഭിച്ചിരിക്കുന്നു. കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ നേതൃ ത്വത്തിൽ ആരംഭിച്ചിരിക്കുന്ന ഈ കൗൺസിലിംഗ് സെന്റർ മാസത്തിലെ മൂന്നാം ശനിയാഴ്ച പ്രവർത്തിക്കുന്നതാണ്. സഹായം ആവശ്യമുള്ളവർ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം. Reg. Fee. 50 രൂപയാണ്. കൗൺസിലിം ഗിൽ വിദഗ്ധ പരിശീലനം നേടിയവരുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഈ സെന്ററിലേക്ക് സഹായം ആവശ്യമുള്ള യുവജനങ്ങളെ പറഞ്ഞുവിടു മല്ലോ. വിശദവിവരങ്ങൾക്ക്: ഫോൺ : 04935 240339.

**'ആത്മദർശൻ - 2010' - മലയാറ്റൂർ പദയാത്ര**

ലോകസമാധാനം ലക്ഷ്യംവെച്ച് കെ.സി.വൈ.എം രൂപതാ സമിതി എല്ലാവർഷവും ഒരുക്കുന്ന മലയാറ്റൂർ തീർത്ഥാടന പദയാത്ര ഈ വർഷവും നടത്തുന്നു. ആത്മദർശനിൽ പങ്കെടുക്കുന്നവർ നോമ്പിന്റെ ചൈതന്യത്തിൽ മനസ്സ് വിശുദ്ധമാക്കി രൂപതാസമിതി ഒരുക്കുന്ന പദയാത്രാ പ്രാർത്ഥനാ കൂട്ടാ യ്മയിൽ പങ്കെടുക്കേണ്ടതാണ്. മാർച്ച് 8, 16 ദിവസങ്ങളിൽ പ്രാർത്ഥനാ കൂട്ടായ്മ നടത്തി. മാർച്ച് 25 ന് നടത്തുന്ന അടുത്ത പ്രാർത്ഥനാ കൂട്ടായ്മ യിൽ പദയാത്രയ്ക്ക് പോകുന്നവർ പങ്കെടുക്കേണ്ടതാണ്. മാർച്ച് 26 ന് ദ്വാര കയിൽ നിന്നും പദയാത്ര ആരംഭിക്കുകയും 30 ന് മലയാറ്റൂരിൽ പര്യവസാ നിക്കുകയും ചെയ്യും.

**വനിതാ സംഗമം 'പ്രചോദിനി 2010'**

സ്ത്രീശാക്തീകരണം പ്രഹസനമായിമാറുന്ന ആധുനിക സമൂഹ ത്തിൽ സ്ത്രീ ശക്തിയാണെന്ന് തിരിച്ചറിയാൻ കെ.സി.വൈ.എം വേദിയൊ രുക്കുന്നു. ആത്മബോധത്തിന്റെയും കരുത്തിന്റെയും പിൻബലത്തിൽ സമൂ ഹത്തിന്റെ പ്രവർത്തനധാരകളിൽ തനതായ വ്യക്തിമുദ്ര പതിപ്പിക്കുവാനും സ്ത്രീകളെ ശക്തിപ്പെടുത്തുവാനും രൂപതാസമിതി എല്ലാവർഷവും സംഘ ടിപ്പിക്കുന്ന വനിതാസംഗമം ഈ വർഷം ഏപ്രിൽ 14 ന് പുൽപ്പള്ളി തിരു ഹൃദയ പള്ളിയിൽ വച്ച് നടത്തുന്നു. യൂണിറ്റുകളിൽ നിന്നും മുഴുവൻ വനി തകളെയും പങ്കെടുപ്പിക്കുവാൻ ബഹു. വികാരിയച്ചന്മാരും ആനിമേറ്റർമാരും ഭാരവാഹികളും ശ്രദ്ധിക്കുമല്ലോ. രജിസ്ട്രേഷൻ ഫീസ് 10 രൂപ.

**Career Guidence 'CARE -2010'**

+2 കഴിഞ്ഞ് ഇനി എന്ത്? എങ്ങോട്ട് എന്നീ ചോദ്യങ്ങൾക്ക് കുട്ടിക ളുടെ ഭാവിയെക്കുറിച്ച് ഉത്കണ്ഠയുള്ള മാതാപിതാക്കൾക്കും, ശോഭനവും സുരക്ഷിതവുമായ ഒരു ഭാവി സ്വപ്നം കാണുന്ന യുവജനങ്ങൾക്കും, ഉയർന്ന കോഴ്സുകളും തൊഴിൽ സാധ്യതകളും അന്വേഷിക്കുന്നവർക്കും ഒരു ചൂണ്ടു പലകയായി കെ.സി.വൈ.എം മാനന്തവാടി രൂപത ഒരുക്കുന്ന Career guidence 'care - 2010' എന്ന പേരിൽ ഏപ്രിൽ 28 ന് ബത്തേരി സെന്റ് ജോസഫ്സ് സ്കൂളിൽ വച്ച് നടത്തപ്പെടുന്നു. കരിയർ ഗൈഡൻസ് രംഗത്തെ പ്രഗത്ഭനായ Prof. Dr. P.R. Vankitaraman ക്ലാസ്സുകൾ നയിക്കുന്നു. വിവിധ കോഴ്സുകളെ പരിചയപ്പെടുത്തുവാൻ 30 ഓളം സ്റ്റാളുകൾ ഒരുക്കിയിരി ക്കുന്നു.

**മെമ്പർഷിപ്പ് ക്യാംമ്പയിൻ**

മാർച്ച് 13 ന് എല്ലാ യൂണിറ്റുകളിലും മെമ്പർഷിപ്പ് ക്യാംമ്പയിൻ നടത്തി, ഇടവകയിലെ യുവജനങ്ങളെ കെ.സി.വൈ.എം അംഗങ്ങളാക്കിയെന്ന് വിശ്വസിക്കട്ടെ. നേരത്തെ അറിയിച്ചത്പോലെ മാർച്ച് 30 ന് മുമ്പായി നിങ്ങളുടെ യൂണിറ്റിലെ അംഗങ്ങളുടെ ലിസ്റ്റും ഫോട്ടോയും രൂപതാ ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**മാർഗ്ഗരേഖ**

രൂപതയുടെ മാർഗ്ഗരേഖ എല്ലാ മേഖലകൾക്കും യൂണിറ്റുകൾക്കും ലഭിച്ചുവെന്ന് വിശ്വസിക്കുന്നു. എല്ലാ യൂണിറ്റുകളും രൂപതയുടെയും അതത് മേഖലകളുടെയും മാർഗ്ഗരേഖ ചേർത്ത് വച്ച് ഒരു മാർഗ്ഗരേഖ നിർമ്മിച്ചിരിക്കുമല്ലോ? മേഖലകളും യൂണിറ്റുകളും നിർമ്മിച്ചിരിക്കുന്ന മാർഗ്ഗരേഖകൾ മാർച്ച് 30 ന് മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുക. യൂണിറ്റുകളുടെയും മേഖലകളുടെയും പ്രതിമാസ റിപ്പോർട്ടുകളും രൂപതാ ഓഫീസിൽ എത്തിക്കുവാൻ സെക്രട്ടറിമാർ ശ്രദ്ധിക്കണം.

**യുവദർശൻ - രാഷ്ട്രദർശൻ**

യൂണിറ്റുകളിലെ യുവജനങ്ങളെ ഒരുമിച്ച് കൂട്ടി അവർക്ക് കൂട്ടായ്മയുടെയും യുവത്വത്തിന്റെയും മാർഗ്ഗങ്ങൾ പറഞ്ഞുകൊടുക്കുന്ന ഏകദിന കൺവെൻഷനുകൾ സംഘടിപ്പിക്കുവാൻ ആഗ്രഹിക്കുന്ന യൂണിറ്റുകൾ, റിസോഴ്സ് പേഴ്സനെ ആവശ്യമെങ്കിൽ രൂപതാ ഓഫീസിൽ അറിയിക്കണം. വഴിയിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ മേഖലകൾ കൺവെൻഷനുകൾ സംഘടിപ്പിക്കുകയും കൺവെൻഷൻ തീയതികൾ രൂപതാ ഓഫീസിൽ അറിയിക്കുകയും വേണം.

**മേഖലാവാർത്തകൾ - കല്ലോടി മേഖല**

കല്ലോടി മേഖലയിലെ എല്ലാ യൂണിറ്റിന്റെയും പ്രവർത്തനങ്ങളേയും സർഗ്ഗസൃഷ്ടികളെയും അനുവാചകരുടെ മുമ്പിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി 'വഴിവിളക്ക്' എന്ന പേരിൽ 14-2-10 ന് ദ്വാരകയിൽ ചേർന്ന മേഖലാ സെനറ്റിൽ വച്ച് ഒരു മുഖപത്രം പ്രകാശനം ചെയ്തു. 14-3-10- ന് കൂടിയ സിൻഡിക്കേറ്റിൽ വച്ച് മേഖലയുടെ മാർഗ്ഗരേഖയായ 'റൺ' പ്രകാശനം ചെയ്തു.

**മരക്കടവ് യൂണിറ്റ്**

കെ.സി.വൈ.എം. മരക്കടവ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 7-3-10 ന് Telephone directory പ്രകാശനം ചെയ്തു. മരക്കടവ് സെന്റ് ജോസഫ് ചർച്ച് വികാരി റവ. ഫാ. ജോർജ് കിഴക്കുംപുറം പ്രകാശനകർമ്മം നിർവ്വഹിച്ചു.

**വൈത്തിരി യൂണിറ്റ്**

കെ.സി.വൈ.എം. വൈത്തിരി യൂണിറ്റിന്റെ ഫണ്ട് സമാഹരണാർത്ഥം നടത്തിയ സമ്മാനകൂപ്പൺ നറുക്കെടുപ്പ് നടത്തി, വിജയികൾക്ക് സമ്മാനങ്ങൾ നൽകി.

വിജയികൾ: 1-ാം സമ്മാനം സുരേഷ്ബാബു (വൈത്തിരി), 2-ാം സമ്മാനം ജെമിനി (വൈത്തിരി), 3-ാം സമ്മാനം സണ്ണി (മാടവന)

**പുൽപ്പള്ളി യൂണിറ്റ്**

ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ ഇടവകയിലെ എല്ലാ കെ.സി.വൈ.എം. അംഗങ്ങളെയും പുതിയതായി അംഗത്വം സ്വീകരിക്കാനിരിക്കുന്ന 10-ാം ക്ലാസിലെ കുട്ടികളെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു Oneday seminar സംഘടിപ്പിച്ചു. 30 ഓളം യുവതീയുവാക്കൾ സെമിനാറിൽ പങ്കെടുത്തു. മേഖലാ ആനിമേറ്റർ സി. ആൻസ്മരിയ എസ്.എ.ബി.എസ്. ക്ലാസ് എടുത്തു. തുടർന്ന് അംഗങ്ങൾ വിവിധയിനം ഗെയിമുകളും മത്സരങ്ങളും നടത്തി വിജയികളായവർക്ക് സമ്മാനങ്ങൾ നൽകി. യൂണിറ്റിലെ നല്ല പ്രവർത്തകന് ട്രോഫി നൽകി. ആഘോഷമായ സ്നേഹവിരുന്നും നടത്തി. ഇടവകാ തിരുനാളിനോട് അനുബന്ധിച്ച് ഭക്തസാധനങ്ങളുടെ വിപുലമായ സ്റ്റാൾ നടത്തുകയും ഫണ്ട് സമാഹരിക്കുകയും ചെയ്തു.

**പോരൂർ യൂണിറ്റ്**

പോരൂർ യൂണിറ്റിലെ എല്ലാ മുതിർന്ന യുവജനങ്ങൾക്കുമായി "യുവജനങ്ങൾക്ക് സഭയിലുള്ള പങ്കാളിത്തം" എന്ന വിഷയത്തെ ആസ്പദമാക്കി ഒരു സെമിനാർ സംഘടിപ്പിച്ചു. ശ്രീ. ജോസ് പള്ളത്ത് ക്ലാസ് എടുത്തു. യൂണിറ്റ് ഡയറക്ടർ റവ.ഫാ. തോമസ് മണക്കുന്നേൽ വി. ബലി അർപ്പിച്ച് യൂണിറ്റംഗങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും വചന സന്ദേശം നൽകുകയും ചെയ്തു. പോരൂർ യൂണിറ്റിന്റെ ഫണ്ട് ശേഖരണാർത്ഥം നട്ട ഇഞ്ചിയുടെ വിളവെടുപ്പ് നടത്തി.

**ആലാറ്റിൽ യൂണിറ്റ്**

ആലാറ്റിൽ യൂണിറ്റിലെ കർമ്മനിരതമായ യുവജനങ്ങൾ യൂണിറ്റിന്റെ വിവിധ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് ശേഖരിക്കുവാൻ തിരുനാളിനോട് അനുബന്ധിച്ച് ഐസ്ക്രീം വിൽപന, ബംബർ നറുക്കെടുപ്പ്, വിവിധ മത്സരങ്ങൾ എന്നിവ നടത്തുകയും ഫണ്ട് സമാഹരിക്കുകയും ചെയ്തു.

**ഒണ്ടയങ്ങാടി യൂണിറ്റ്**

കെ.സി.വൈ.എം. ഒണ്ടയങ്ങാടി യൂണിറ്റംഗങ്ങൾ 12-2-10 ന് മേപ്പാടി ചെമ്പ്ര മലയിലേക്ക് വിനോദയാത്ര നടത്തി. 13-2-10 ന് വി. കുർബാനയ്ക്ക് ശേഷം അംഗങ്ങൾ പള്ളിയും പരിസരങ്ങളും വൃത്തിയാക്കി. 14-2-10 ന് ആനിമേറ്റർ സി. എലിസബത്തിന്റെ നേതൃത്വത്തിൽ ആത്മദർശൻ പ്രാർത്ഥനാ കൂട്ടായ്മ നടത്തി. കെ.സി.വൈ.എം. അംഗങ്ങൾ എല്ലാ മാസവും ഒരുദിവസം സേവനത്തിനായ് മാറ്റിവയ്ക്കുവാൻ തീരുമാനിച്ചു. ഭവനനിർമ്മാണം, രോഗീസഹായം, സന്ദർശനം, ശുചീകരണ പ്രവർത്തനങ്ങൾ, റോഡ് നിർമ്മാണം, സൗജന്യട്യൂഷൻ തുടങ്ങിയവ ഇതിന്റെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സ്നേഹപൂർവ്വം,

**ബെന്നി പച്ചിക്കൽ**

ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ**

ദ്വാരക പാസ്റ്ററൽ സെന്ററിൽ ഫെബ്രുവരി 19 മുതൽ 22 വരെ നടന്ന കോഴ്സിൽ 80 പേരും മാർച്ച് 05 മുതൽ 08 വരെ മണിമൂളിയിൽ വച്ച് നടന്ന കോഴ്സിൽ 64 പേരും മാർച്ച് 14 മുതൽ 17 വരെ നടന്ന കോഴ്സിൽ 95 പേരും പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി യത്നിച്ച എല്ലാ വൈദികരെയും കുടുംബപ്രേഷിതത്വ ടീം അംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

| | | |
|---|---|---|
| മെയ് 09-12 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| മെയ് 17-20 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| മെയ് 25-29 | - | പാസ്റ്ററൽ സെന്റർ ദ്വാരക |

മെയ് 25 ന് 4.00 മണി മുതൽ 29 രാവിലെ 10.00 മണി വരെ ദ്വാരക പാസ്റ്ററൽ സെന്റർ

**കത്തോലിക്കാ മാതൃസംഘടന**

16 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ രൂപതാ ഡയറക്ടർ ബഹു. ഡെന്നീസച്ചന്റെ നേതൃത്വത്തിൽ സംയുക്ത എക്സിക്യൂട്ടീവ് ചേർന്നു. മാർച്ച് 26 ന് നടവയൽ മേഖലാ സന്ദർശനം നടത്തുന്നതിന് വേണ്ട ക്രമീകരണങ്ങൾ നടത്തി. ഏപ്രിൽ 22 ന് നടത്തുന്ന രൂപതാകലാമത്സരങ്ങൾക്കുവേണ്ട കാര്യങ്ങൾ ചർച്ച ചെയ്തു തീരുമാനങ്ങൾ എടുത്തു. അടുത്ത എക്സിക്യൂട്ടീവ് ഏപ്രിൽ 10 ന് നടത്തുവാൻ തീരുമാനിച്ചു.

**മാനന്തവാടി മേഖല**

മാനന്തവാടി മേഖല കത്തോലിക്ക മാതൃസംഘടനയുടെ കലാമത്സരങ്ങൾ ഫെബ്രുവരി 26 ന് കണിയാരം റ്റി. റ്റി. ഐ സ്കൂളിൽ വെച്ച് നടത്തപ്പെട്ടു. 13 ശാഖകളിൽ നിന്നുള്ള അമ്മമാർ മത്സരങ്ങളിൽ പങ്കെടുത്തു. മേഖല ഡയറക്ടർ ബഹു. തോമസ് മണക്കുന്നേൽ അച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മേഖല പ്രസിഡന്റ് ശ്രീ. മോളി കരിമ്പനാക്കുഴി സ്വാഗതം ആശംസിച്ചു. ഫൊറോന വികാരി റവ. ഫാ. ജോർജ് മൈലാടൂർ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. 10 മണിക്ക് ആരംഭിച്ച മത്സരപരിപാടികൾ 5.30-ന് അവസാനിച്ചു. 34 പോയിന്റുകൾ നേടി യവനാർകുളം ഒന്നാം

സ്ഥാനവും 26 പോയിന്റുകൾ നേടി പോരൂർ ശാഖ രണ്ടാം സ്ഥാനവും 23 പോയിന്റുകൾ നേടി കണിയാരം ശാഖ മൂന്നാം സ്ഥാനത്തുമെത്തി. മേഖല ഡയറക്ടർ തോമസച്ചൻ സമാപന സമ്മേളനത്തിൽ വിജയികൾക്ക് സമ്മാനവും സർട്ടിഫിക്കറ്റും ഒന്നും, രണ്ടും സ്ഥാനം നേടിയ ശാഖകൾക്ക് ട്രോഫിയും നൽകി. പരിപാടിയെ വിജയിപ്പിക്കാൻ സഹകരിച്ച എല്ലാ ശാഖകൾക്കും നന്ദി.

**കല്പ്പറ്റ മേഖല**

2010 മാർച്ച് 06 ന് കല്പ്പറ്റ മേഖലയുടെ കലാസാഹിത്യ മത്സരം വാഴവറ്റ പള്ളിയിൽ വെച്ച് നടത്തപ്പെട്ടു. ഇടവക വികാരി ഉദ്ഘാടനം ചെയ്തു. 70 ഓളം അമ്മമാർ പങ്കെടുത്തു. മത്സരപരിപാടികൾ 06 മണിയോടെ അവസാനിച്ചു. 51 പോയിന്റുകൾ നേടി വാഴവറ്റ ഒന്നാം സ്ഥാനവും 46 പോയിന്റുകൾ നേടി തെനേരി ശാഖ രണ്ടാം സ്ഥാനവും 19 പോയിന്റുകൾ നേടി വൈത്തിരി മൂന്നാം സ്ഥാനത്തും എത്തി. സമാപന സമ്മേളനത്തിൽ ആനിമേറ്റർ സി. എൽസീന ആശംസ അർപ്പിച്ചു. അദ്ധ്യക്ഷസ്ഥാനം പ്രസിഡന്റ് ശ്രീമതി ആലീസ് ഡാനിയേൽ നിർവ്വഹിച്ചു. സെക്രട്ടറി ശ്രീമതി റോസമ്മ നന്ദി പറഞ്ഞു.

**പയ്യമ്പള്ളി മേഖല**

2010 മാർച്ച് 04 ന് കാട്ടിക്കുളം പള്ളിയിൽ വച്ച് പയ്യമ്പള്ളി മേഖലയുടെ കലാസാഹിത്യ മത്സരം നടത്തപ്പെട്ടു. 09 ശാഖകളിൽ നിന്നും 70 ഓളം അമ്മമാർ മത്സരങ്ങളിൽ പങ്കെടുത്തു. മേഖല ഡയറക്ടർ ബഹു. തോമസ് ഒറ്റപ്ലാക്കലച്ചൻ സ്വാഗതം ആശംസിക്കുകയും മത്സരങ്ങൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തു. 81 പോയിന്റുകൾ നേടി ഒണ്ടയങ്ങാടി ഒന്നാം സ്ഥാനവും 23 പോയിന്റുകൾ നേടി കാട്ടിക്കുളം രണ്ടാം സ്ഥാനവും 19 പോയിന്റുകൾ നേടി കമ്മന മൂന്നാം സ്ഥാനത്തും എത്തി. കാട്ടിക്കുളം ഇടവക വികാരി റവ. ഫാ. ഡൊമിനിക് വളകുടിയിൽ സമ്മാനദാനം നിർവ്വഹിച്ചു. മത്സരങ്ങൾ വേണ്ടവിധം ക്രമീകിച്ച ബഹു. ഡയറക്ടറച്ചനേയും ആനിമേറ്റർ സി. മരിയറ്റയെയും മേഖല ഭാരവാഹികളെയും അന്നേദിവസം സാന്നിധ്യസഹായസഹകരണങ്ങൾ നൽകിയ ബഹു. സിബിയച്ചനേയും ബഹു. ജോഷിയച്ചനേയും ബഹു. സിസ്റ്റേഴ്സിനെയും പ്രത്യേകമായി കാട്ടിക്കുളം വികാരിയച്ചനേയും സംഘാംഗങ്ങളെയും നന്ദിയോടെ ഓർക്കുന്നു.

**ഒണ്ടയങ്ങാടി ശാഖ**

വികാരി റവ. ഫാ. സിബിച്ചൻ ചേലക്കാപ്പള്ളിയുടെയും സി. ദീപയുടെയും നേതൃത്വത്തിൽ 20 അമ്മമാർ ചേർന്ന് തൃശിലേരി അഭയഭവൻ സന്ദർശിച്ച് വസ്ത്രങ്ങളും ഭക്ഷണവും നൽകി അവരോടൊപ്പം സന്തോഷം പങ്കുവെച്ചു. ഒരു നിർദ്ധനകുടുംബത്തിന് അരിയും മറ്റ് സാധനങ്ങളും സാമ്പത്തികസഹായവും നൽകി. പയ്യമ്പള്ളി മേഖലാ കലാസാഹിത്യ മത്സരങ്ങളിൽ 81 പോയിന്റുകൾ നേടി ഒണ്ടയങ്ങാടി ഒന്നാം സ്ഥാനവും 13 പോയിന്റുകൾ നേടി സ്മിത കൂട്ടുങ്കൽ വ്യക്തിഗതചാമ്പ്യൻഷിപ്പും കരസ്ഥമാക്കി.

**ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സിയോൻ വാർത്തകൾ

"നമ്മുടെ പാപങ്ങളുടെ മോചനത്തിനായി മരണത്തിനു ഏൽപ്പിക്കപ്പെടുകയും, നമ്മുടെ നീതീകരണത്തിനായി ഉയിർപ്പിക്കപ്പെടുകയും, ചെയ്ത നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവനിൽ വിശ്വസിക്കുന്ന നമുക്കും അതു നീതിയായി പരിഗണിക്കപ്പെടും" (റോമ.4:24 -25). ക്രിസ്തുവിനോടൊപ്പം മരിച്ച് ഉയിർപ്പിക്കപ്പെടുന്ന നവജീവിതത്തിനായി, ഉത്ഥാനത്തിരുനാൾ ആശംസകൾ പ്രാർത്ഥനാപൂർവ്വം നേരുന്നു.

**സോണൽ മീറ്റിംഗ്**

സോണൽ മീറ്റിംഗിനായി 2010 മാർച്ച് 5 ആദ്യവെള്ളി 58 ശുശ്രൂഷകർ സിയോൻ ചാപ്പലിൽ ഒന്നിച്ചു ചേർന്നു. 9.45 ന് ആരംഭിച്ച ആരാധനയിൽ സിസിലി ജോസ് കളപ്പുര ജപമാലയും ശ്രീ. ജോസ് മാളോല സ്തുതി ആരാധനയും നയിച്ചു. 11.45 ന് ശ്രീ. ജോസ് കുറുമ്പാലക്കാട്ട് പ്രോലൈഫ് മിനിസ്ട്രിയെക്കുറിച്ച് തന്റെ ക്ലാസിലൂടെ വിശദമായ പഠനം നൽകി. 12 മണിക്ക് ബഹു. സെബാസ്റ്റ്യൻ പാറയിൽ അച്ചൻ വി. ബലി അർപ്പിച്ച് സന്ദേശം നൽകി. വി. ബലിക്കുശേഷം സിയോനിലെ ശുശ്രൂഷകരുടെ ഇടവകയിൽ പ്രാർത്ഥനാഗ്രൂപ്പ് സജീവമാക്കുവാനും പ്രാർത്ഥനാഗ്രൂപ്പ് ഇല്ലാത്ത ഇടവകകളിൽ ആരംഭിക്കുവാനും ആനിമേറ്റേഴ്സിനെ നിശ്ചയിച്ച് അറിയിക്കുകയും ചെയ്തു. KAC Members ആയി ശ്രീ. ജോസഫ് തോട്ടുപുറം, ശ്രീ. സിബി വട്ടമറ്റം എന്നിവരെ തെരഞ്ഞെടുത്തു. ഏപ്രിൽ മാസം ആദ്യവെള്ളി ആദ്യശനി പ്രോഗ്രാം ഈ ദിവസങ്ങൾ ദുഃഖവെള്ളിയും ദുഃഖശനിയും ആയതുകൊണ്ട് ഇടവകകളിൽ ജനങ്ങൾ സംബന്ധിക്കേണ്ടതിന് സിയോനിൽ നടത്തുന്നില്ല എന്ന് അറിയിച്ചു. സോണൽ മീറ്റിംഗിനുശേഷം 6 pm വരെ ശുശ്രൂഷകർ എൽഡറിംഗും പാസ്റ്ററിംഗും നടത്തി.

**ജാഗരണ പ്രാർത്ഥന**

വൈകുന്നേരം 6-6.30 മൗനപ്രാർത്ഥന, 6.30 ന് ജപമാല, 7 p.m. ബഹു. ബാബു പാറയിൽ അച്ചൻ വി. ബലി അർപ്പിച്ച് വചനം പങ്കു വച്ചു. തുടർന്ന് കുരിശിന്റെ വഴി നടത്തി. 9 മണിക്ക് ആരാധന ആരംഭിച്ചു. ബഹു. പാറയിൽ അച്ചനും സിയോൻ ടീമും ചേർന്ന് ആരാധന നയിച്ചു. ബഹു. പ്രിൻസ് അച്ചൻ സമാപനാശീർവ്വാദം നൽകി.

**ആദ്യശനി - ഏകദിന കൺവെൻഷൻ**

6 a.m. ന് പരിശുദ്ധ അമ്മയുടെ സന്നിധിയിൽ അണഞ്ഞ ശുശ്രൂഷകർ ജപമാല ചൊല്ലി സിയോനുചുറ്റും നടന്ന് ഇന്നത്തെ എല്ലാ ശുശ്രൂഷകളെയും സമർപ്പിച്ചു പ്രാർത്ഥിച്ചു. ബഹു. പാറയിൽ അച്ചൻ ശുശ്രൂഷകർക്കു വചനം നൽകി. വി. ജലം തളിച്ച് ആശീർവ്വദിച്ച് ശുശ്രൂഷകൾക്ക് സജ്ജ

രാക്കി. ഒരുക്കശുശ്രൂഷകൾക്കുശേഷം 8.30 ന് സ്റ്റേജിലെ ശുശ്രൂഷകൾ ആരംഭിച്ചു. പ്രഭാത പ്രാർത്ഥന സ്തുതി ആരാധന ഇവയ്ക്കുശേഷം 11 മണിക്കു ശ്രീ. ജോർജ്ജ് കുന്നുംപുറം വചനസന്ദേശം നൽകി. യേശുവിന്റെ പങ്കുവയ്ക്കുന്ന സ്നേഹത്തിലേക്കും പരിഹാര ചൈതന്യത്തിലേക്കും ഈ നോമ്പുകാലത്ത് നാം വളരേണ്ടതിന്റെ ആവശ്യകതയും വി. എസ്തപ്പാനോസിനെപ്പോലെ നമ്മുടെ പ്രാർത്ഥനയും, സഹനവും സാക്ഷ്യജീവിതവും അനേകർക്ക് പ്രചോദനമാകണം എന്ന് അദ്ദേഹം അനുസ്മരിപ്പിച്ചു. 12 മണിക്ക് ബഹു.ജസ്റ്റിൻ മൂന്നാനാൽ അച്ചൻ വി.ബലി അർപ്പിച്ച് വചനം പങ്കുവെച്ചു. വി. ബലിക്കുശേഷം സാക്ഷ്യങ്ങൾ, തുടർന്ന് ദിവ്യകാരുണ്യ ആരാധന, സൗഖ്യപ്രാർത്ഥന, ദിവ്യകാരുണ്യപ്രദക്ഷിണം ഇവ ബഹു. പാറയിൽ അച്ചനും സിയോൻ ടീമും ചേർന്ന് നയിച്ചു. കുമ്പസാരം, കൗൺസിലിംഗ് ഇവ നടത്താൻ അവസരം ഒരുക്കി. ക്രിസ്റ്റീൻ മക്കൾക്കായി സിയോൻ ചാപ്പലിൽ ശുശ്രൂഷകൾ നടത്തി.

**രണ്ടാംശനി ശുശ്രൂഷകൾ 13-3-2010**

**കൗൺസിലിംഗ് ദിനം:-** 81 പേർ വന്ന് കൗൺസിലിംഗ് നടത്തി.

**യുവജന കൂട്ടായ്മ:-** 60 യുവജനങ്ങൾ കൂട്ടായ്മയിൽ സംബന്ധിച്ചു. ബഹു. പ്രിൻസ് തുമ്പിയാംകുഴി അച്ചൻ വി. ബലി അർപ്പിച്ചു. കഴിഞ്ഞ ഒരു വർഷം 'ഫുൾ ടൈമർ' ആയി ശുശ്രൂഷ ചെയ്ത മിസ് ഷീനയ്ക്ക് യാത്രയയപ്പ് നൽകി.

**ദമ്പതി കൂട്ടായ്മ:-** 34 അംഗങ്ങൾ ഇന്നത്തെ കൂട്ടായ്മയിൽ പങ്കുചേർന്നു. ബഹു. സണ്ണി മഠത്തിൽ അച്ചൻ വി. ബലി അർപ്പിച്ച് സന്ദേശം നൽകി.

**ധ്യാനങ്ങൾ -** തൃശിലേരി, കുന്നൂർ, മംഗലശ്ശേരി, പാടിച്ചിറ ഈ ഇടവകകളിൽ ബഹു. പാറയിൽ അച്ചനും സിയോൻ ടീമും ചേർന്ന് ധ്യാനം നടത്തി.

**മൂന്നാംവെള്ളി 19-3-2010 സൗഖ്യദിനം -** സൗഖ്യം പ്രതീക്ഷിച്ചു കടന്നു വന്ന മക്കൾക്കായി 9.30 ന് തന്നെ ആരാധന ആരംഭിച്ചു. ബഹു. മേമന ജോർജച്ചൻ സൗഖ്യപ്രാർത്ഥന നടത്തി. വി. ബലി അർപ്പിച്ചു. കൗൺസിലിംഗിനും കുമ്പസാരത്തിനും സൗകര്യം ഒരുക്കി.

**സിയോൻ ഏപ്രിൽ മാസത്തിൽ**

| | | |
|---|---|---|
| 10-4-'10 രണ്ടാംശനി | - | കൗൺസിലിംഗ് ദിനം |
| | - | യുവജന ദിനം, ദമ്പതികൂട്ടായ്മ |
| 13-16 | - | ക്രിസ്റ്റീൻ ധ്യാനം |
| 17 മൂന്നാംവെള്ളി | - | സൗഖ്യദിനം |
| 17-21 | - | ആന്തരിക സൗഖ്യധ്യാനം |
| 23 നാലാംവെള്ളി | - | ജാഗരണപ്രാർത്ഥന (സുവിശേഷമുന്നണി) |

**സീയോനിൽ ആന്തരീക സൗഖ്യധ്യാനം**
**ഏപ്രിൽ 17 മുതൽ 21 വരെ. രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു.**
**ഫോൺ: 04935-240922**

**റവ. ഫാ. സെബാസ്റ്റ്യൻ പാറയിൽ**
ഡയറക്ടർ, സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയ വിൻസെൻഷ്യൻ സഹപ്രവർത്തകരേ,

ഏവർക്കും അനുഗ്രഹപ്രദമായ ഉയിർപ്പുതിരുനാൾ ആഘോഷിക്കാൻ കഴിഞ്ഞുവെന്ന് കരുതട്ടെ. സാമ്പത്തികവർഷം കഴിഞ്ഞ ഈ അവസരത്തിൽ ഏറ്റവും പ്രാധാന്യത്തോടെതന്നെ കൃത്യമായും സത്യസന്ധമായും കോൺഫ്രൻസുകളും എ. സി കളും വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കി ഉപരി കൗൺസിലുകൾക്കു നൽകണം.

**സി.സി. മീറ്റിംഗ് :–** വാർഷിക റിപ്പോർട്ടുകൾ, വിഹിതങ്ങൾ എന്നിവ ശേഖരിക്കുന്നതിനുള്ള സി. സി യോഗം 14-4-2010 ബുധനാഴ്ച പാസ്റ്ററൽ സെന്ററിൽ 10 മണിക്കു ചേരുന്നതാണ്. റിപ്പോർട്ടുകൾ നൽകുന്നതിനുള്ള അവസാന തീയതി ആയിരിക്കും അത്.

**സി.സി. വാർഷികം:–** മുൻ തീരുമാനമനുസരിച്ച് മെയ് മാസം 13 -ാം തീയതി വ്യാഴാഴ്ച ദ്വാരകയിൽ വച്ചായിരിക്കും സെൻട്രൽ കൗൺസിലിന്റെ 32 -ാമതു വാർഷികം. വിശദവിവരങ്ങൾ എ.സി മീറ്റിംഗുകളിൽ കോൺഫ്രൻസുകളെ അറിയിക്കും. റീജണൽ കൗൺസിൽ നടത്തിയ യുവജന മത്സരങ്ങളുടെ ഭാഗമായി കോൺഫറൻസംഗങ്ങളല്ലാത്തവർക്കായി നടന്ന മത്സരങ്ങളിൽ സി.സി തലത്തിൽ സമ്മാനാർഹരായവർക്ക് വാർഷികത്തോടനുബന്ധിച്ച് സമ്മാനങ്ങൾ നൽകുന്നതായിരിക്കും.

*ലേഖനം:–* 1. ബിജി ആത്രശ്ശേരിൽ, മുതിരേരി, 2. ബബിത തിരികയിൽ, മുതിരേരി, *കവിത:–* 1. ജിൽജ കവളനാൽ

*ക്വിസ്സ്:–* 1. ജിൽജ കവളനാൽ, 2. ജിനി നെട്ടെട്ടുമാരിയിൽ

**30 വയസിനു മുകളിലുള്ള വിൻസെൻഷ്യൻസിനുവേണ്ടി നടത്തിയ മത്സര വിജയികൾ, സമ്മാനാർഹർ**

*ഉപന്യാസം:–* 1. ബ്ര. സജി പാലത്തുംതലയ്ക്കൽ (L.F. മുതിരേരി)

2. സി. ജയ തങ്കച്ചൻ എടശ്ശേരി (ഇൻഫന്റ് ജീസസ്, നടവയൽ)

*കവിത:–* 1. ജയ തങ്കച്ചൻ, എടശ്ശേരി, 2. സജി പാലത്തുംതലയ്ക്കൽ

**ഓസ്സാനാംഭവൻ ശുശ്രൂഷ**

മെയ് മാസം 1-15 : നടവയൽ എ. സി, 16 31 : പാടിച്ചിറ എ. സി

**പ്രസിഡന്റ് തെരഞ്ഞെടുപ്പ്**

കോൺഫ്രൻസ്, എ.സി, സി.സി തലങ്ങളിലെ പ്രസിഡന്റുമാരുടെയും അവർ നിയമിക്കുന്ന ബോർഡംഗങ്ങളുടെയും സേവനകാലാവധിയെ സംബന്ധിച്ച നിയമങ്ങൾ കർശനമായി പാലിക്കപ്പെടേണ്ടതാണ്. തെരഞ്ഞെടുപ്പ് നിയമാനുസൃതം നടത്തി സെൻട്രൽ കൗൺസിലിനു റിപ്പോർട്ട് നൽകേണ്ടതുമാണ്.

**ബ്ര. കെ. ജി. ജസ്റ്റിൻ** (സി.സി. പ്രസിഡണ്ട്)

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

**രൂപതാ കൺവെൻഷനും അനുമോദനയോഗവും**

കെ.സി.ബി.സി മദ്യവിരുദ്ധ സമിതിയുടെ രൂപതാ കൺവെൻഷനും കെ.സി.ബി.സി യുടെ മികച്ച മദ്യവിരുദ്ധ പ്രവർത്തകനുള്ള ബിഷപ്പ് മാക്കിയിൽ ഫൗണ്ടേഷൻ അവാർഡ് ജേതാവ് ശ്രീ. ജോൺസൺ തൊഴുത്തുങ്കലിന്റെ അനുമോദന സമ്മേളനവും മാർച്ച് 20 ന് ശനിയാഴ്ച 10.30 മുതൽ 4 വരെ മാനന്തവാടി സെന്റ് പീറ്റർ ആന്റ് പോൾ ദേവാലയത്തിൽ വെച്ച് നടത്തപ്പെട്ടു. മാനന്തവാടി രൂപത ബിഷപ്പ് മാർ ജോസ് പൊരുന്നേടം കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാന ആനിമേറ്റർ സി.ജോവിറ്റ FCC അദ്ധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ റവ. ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ സ്വാഗതം ആശംസിച്ചു. CML രൂപതാ ഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുര, ശ്രീ. ജോസ് പുന്നക്കുഴി, മതബോധന കോ-ഓർഡിനേറ്റർ ശ്രീ. വർക്കി നിരപ്പേൽ സ്റ്റാഫ് കോ-ഓഡിനേഷൻ കമ്മിറ്റി പ്രസിഡന്റ് ശ്രീ. എൻ. വി. ജോർജ് എന്നിവർ ആശംസകൾ അർപ്പിച്ചു. ശ്രീ. ടോമി നെടുംകൊമ്പിൽ നന്ദി പറഞ്ഞു. അവാർഡ് ജേതാവ് ശ്രീ. ജോൺസൺ തൊഴുത്തുങ്കലിനെ അഭിവന്ദ്യ പിതാവ് പൊന്നാട അണിയിച്ചു. രൂപതയുടെ ഉപഹാരവും അഭിവന്ദ്യപിതാവ് നൽകി.

മലപ്പുറം സത്യാഗ്രഹി ശ്രീ. ഇയ്യാച്ചേരി കുഞ്ഞികൃഷ്ണൻ മാസ്റ്ററെയും അഭിവന്ദ്യ പിതാവ് പൊന്നാടയണിയിച്ച് അനുമോദിച്ചു. വിവിധ ഇടവകകളിൽ നിന്നായി ഇരുന്നൂറോളം പ്രതിനിധികൾ കൺവെൻഷനിൽ പങ്കെടുത്തു. സഹകരിച്ച വികാരിയച്ചന്മാർക്കും സിസ്റ്റർമാർക്കും പ്രത്യേകം നന്ദി.

**വാഹന പ്രചരണ ജാഥ**

കെ.സി.ബി.സി മദ്യവിരുദ്ധ സമിതി മദ്യകോളയ്ക്കും കേരള സർക്കാറിന്റെ ജനവിരുദ്ധ മദ്യനയത്തിനുമെതിരെ മാർച്ച് 13 ന് മാനന്തവാടി താലൂക്കിൽ ലഹരിവിരുദ്ധ പ്രചരണ വാഹനജാഥ നടത്തി. കാട്ടിക്കുളത്ത് നിന്ന് ആരംഭിച്ച ജാഥ മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ. ജോർജ് മൂലയിൽ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ റവ. ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ, സി. ജോവിറ്റ, ശ്രീ. ടോമി നെടുംകൊമ്പിൽ, ബേബി പേടപ്പാട്ട്, ശശി. വി. ജി എന്നിവർ പ്രസംഗിച്ചു. കാട്ടിക്കുളം, തൃശിലേരി,

കൊയിലേരി, പനമരം, നാലാംമൈൽ, തരുവണ, വെള്ളമുണ്ട, കല്ലോടി, എള്ളുംമന്ദം, തലപ്പുഴ എന്നീ കേന്ദ്രങ്ങളിൽ കവലയോഗങ്ങൾ നടത്തി. സമാപന സമ്മേളനം മാനന്തവാടി ടൗണിൽ രൂപതാ ഡയറക്ടർ റവ. ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ ഉദ്ഘാടനം ചെയ്തു.

**നടവയലിൽ കെ.സി.ബി.സി മദ്യവിരുദ്ധ സമിതി യൂണിറ്റ്**

നടവയൽ ഇടവകയിൽ കെ.സി.ബി.സി മദ്യവിരുദ്ധ സമിതിയുടെ യൂണിറ്റ് സ്ഥാപിച്ചു. യോഗം നടവയൽ ഫൊറോന വികാരി റവ. ഫാ. സെബാസ്റ്റ്യൻ പാലക്കി ഉദ്ഘാടനം ചെയ്തു. അസി. വികാരി റവ. ഫാ. വിനോദ് പാക്കാനികുഴിയിൽ അദ്ധ്യക്ഷത വഹിച്ചു. രൂപതാ പ്രസിഡന്റ് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ പ്രഭാഷണം നടത്തി. ഭാരവാഹികളെ തെരഞ്ഞെടുത്തു. ബഹു. വിനോദച്ചന്റെ നേതൃത്വത്തിൽ ശക്തമായ പ്രവർത്തനം മാസങ്ങളായി നടവയലിൽ നടന്നുവരുന്നു. അച്ചനും സമിതി അംഗങ്ങൾക്കും ഒരായിരം ആശംസകൾ നേരുന്നു.

**കളക്ട്രേറ്റ് മാർച്ച്**

ജനവിരുദ്ധ മദ്യനയത്തിൽ പ്രതിഷേധിച്ച് കെ.സി.ബി.സി മദ്യവിരുദ്ധ സമിതിയുടെയും മദ്യവിരുദ്ധ ജനകീയ മുന്നണിയുടെയും നേതൃത്വത്തിൽ കളക്ട്രേറ്റ് മാർച്ചും ധർണ്ണയും നടത്തി. മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ. ജോർജ് മൂലയിൽ ഉദ്ഘാടനം ചെയ്തു. കല്പറ്റ ലാറ്റിൻ പള്ളി വികാരി റവ. ഫാ. ജോസഫ് പുളിക്കത്തറ, റവ. ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ, റവ. ഫാ. വിനോദ് പാക്കാനികുഴിയിൽ, പി.എ. ജെയിംസ്, ജെയിംസ് തോമസ്, വി.ജി ശശി, ചന്ദ്രശേഖരൻ നായർ, കെ.സി.വൈ.എം രൂപതാ ഡയറക്ടർ റവ. ഫാ. സണ്ണി കൊല്ലാർതോട്ടം, സെക്രട്ടറി ബെന്നി പച്ചിക്കൽ എന്നിവർ പ്രസംഗിച്ചു.

**നന്ദിപൂർവ്വം**

കഴിഞ്ഞ 10 വർഷമായി മദ്യവിരുദ്ധ സമിതിയുടെ മാനന്തവാടി രൂപതാ സെക്രട്ടറിയായിരുന്ന ശ്രീ. വി. സി. രാജു വല്ല്യറ ജോലിസംബന്ധമായി വിദേശത്ത് പോയി. കഴിഞ്ഞ കാലഘട്ടങ്ങളിൽ സമിതിക്ക് വേണ്ടി ചെയ്ത സേവനങ്ങളെ നന്ദിയോടെ ഓർക്കുന്നു. അദ്ദേഹത്തിന്റെ ജോലിസ്ഥലത്ത് എല്ലാവിധ ദൈവാനുഗ്രഹവും വിജയവും ആശംസിക്കുന്നു.

**ജോൺസൺ തൊഴുത്തുങ്കൽ റീജണൽ സെക്രട്ടറി**

കെ.സി.ബി.സി മദ്യവിരുദ്ധ സമിതിയുടെ ഉത്തരമേഖല സെക്രട്ടറിയായി ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ തെരഞ്ഞെടുക്കപ്പെട്ടു. മാർച്ച് 4-ന് കോഴിക്കോട് ബിഷപ്പ്സ് ഹൗസിൽ വെച്ചായിരുന്നു യോഗം. പ്രസിഡന്റായി ശ്രീ. ആന്റണി ജേക്കബിനെയും ഡയറക്ടറായി റവ. ഫാ. തോമസ് തൈത്തോട്ടത്തെയും തെരഞ്ഞെടുത്തു.

**ടോമി നെടുംകൊമ്പിൽ രൂപതാ സെക്രട്ടറി**

ശ്രീ. ടോമി നെടുംകൊമ്പിലിനെ സമിതിയുടെ രൂപതാ സെക്രട്ടറിയായി തെരഞ്ഞെടുത്തു. ആടിക്കൊല്ലി ഇടവകാംഗവും നടവയൽ സെന്റ് തോമസ് ഹൈസ്കൂൾ അധ്യാപകനുമാണ് ശ്രീ. ടോമി.

**ജോൺസൺ തൊഴുത്തുങ്കൽ** (രൂപതാ പ്രസിഡന്റ്)

# സാമൂഹ്യ സേവനരംഗം (WSSS)

**പരിശീലനം ആരംഭിച്ചു**

നബാർഡ് കേരള റീജിയന്റെ ആഭിമുഖ്യത്തിൽ ചെറുകിട സംരംഭക വികസന പദ്ധതി പ്രകാരം ബുക്ക് ബൈൻഡിംഗിൽ പരിശീലനം ആരംഭിച്ചു. ഫെബ്രുവരി 16-ാം തീയതി WSSS ഓഫീസ് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തിയ ഉദ്ഘാടന സമ്മേളനത്തിൽ WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ അദ്ധ്യക്ഷത വഹിച്ചു. NABARD വയനാട് ജില്ലാ DGM ശ്രീ. ബൈജു കുറുപ്പ് പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. പയ്യമ്പള്ളി, ആറാട്ടുതറ, ദ്വാരക എന്നീ സോഷ്യൽ വെൽഫയർ സൊസൈറ്റികളിൽ നിന്ന് തെരഞ്ഞെടുത്ത 31 പേർക്ക് ബുക്ക് ബൈൻഡിംഗിൽ പരിശീലനം നൽകി.

**കേരള ലേബർ മൂവ്മെന്റ് നേതൃത്വപരിശീലനം**

ഫെബ്രുവരി 12, 13 തീയതികളിൽ കേരള ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ ബോയ്സ് ടൗണിൽ വച്ച് ദ്വിദിന നേതൃത്വ പരിശീലന ക്യാമ്പ് നടത്തി. WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. സംസ്ഥാന സെക്രട്ടറി ശ്രീ. ജൂഡ് സെക്വര അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ട്രഷറർ ശ്രീ. ഷാജു പി. ആന്റണി, സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, ശ്രീ. ജോസ് പള്ളത്ത്, ശ്രീ. ജോസ് താമരശ്ശേരി, സംസ്ഥാന സെക്രട്ടറി ശ്രീ. ജൂഡ് സെക്വര എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. വിവിധ ഇടവകകളിൽ നിന്നുള്ള 35 പേർ പരിശീലനത്തിൽ പങ്കെടുത്തു.

**KLM രൂപതാ ഭാരവാഹികളുടെ യോഗം**

കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ എറണാകുളം പി.ഒ.സി യിൽ വച്ച് ചേർന്ന രൂപതാ ഭാരവാഹികളുടെ യോഗത്തിൽ രൂപതയെ പ്രതിനിധീകരിച്ച് പ്രസിഡന്റ് ജോളി കുളങ്ങര, പോയിന്റ് പേഴ്സൻ കെ.ഒ.ജോയി എന്നിവർ പങ്കെടുത്തു. കെ.സി.ബി.സി അംഗീകരിച്ച സുരക്ഷ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് കരടുരേഖ തയ്യാറാക്കുന്നതിനുവേണ്ടിയായിരുന്നു പ്രസ്തുത യോഗം.

**സന്ദർശനം നടത്തി**

കേരള സോഷ്യൽ സർവ്വീസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ കാരിത്താസ് സൗത്ത് ഏഷ്യയിൽ നിന്ന് പ്രതിനിധികൾ WSSS ൽ സന്ദർശനം

നടത്തി. WSSS നടപ്പിലാക്കി വരുന്ന ജൈവകൃഷി പ്രോത്സാഹന പരിപാടികൾ നേരിൽ കാണുന്നതിനും വിവിധ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിനും വേണ്ടിയായിരുന്നു സന്ദർശനം. WSSS പ്രവർത്തനങ്ങൾ മാതൃകാപരവും കർഷക സൗഹൃദവും ആണെന്നും, മറ്റ് സംഘടനകൾക്ക് മാർഗ്ഗദർശനമാണെന്നും സന്ദർശകർ അഭിപ്രായപ്പെട്ടു. ശ്രീലങ്ക, ബംഗ്ലാദേശ്, നേപ്പാൾ, ഫിലിപ്പൈൻസ്, തായ്‌ലാന്റ് എന്നീ രാജ്യങ്ങളിലെ കർഷക പ്രതിനിധികളാണ് ടീമിലുണ്ടായിരുന്നത്. ഫാം പ്രോജക്റ്റ് കൺസോർഷ്യം പാർട്ണർമാരും സന്ദർശക ടീമിൽ ഉണ്ടായിരുന്നു. ഡോ.ഹരിദാസ്, KSSF എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. റൊമാൻസ് ആന്റണി, പ്രോജക്ട് മാനേജർ ശ്രീ. ഇ.ജെ.ജോസ് എന്നിവർ നേതൃത്വം നൽകി.

**പഠന പര്യടനം**

WSSS സ്റ്റാഫ് അംഗങ്ങൾ ജൈവകൃഷി രീതി ശാസ്ത്രം നേരിൽ കണ്ട് മനസിലാക്കുന്നതിന് നെല്ലിയാംപതിയിലുള്ള പോപ്സ് ഇന്റർ നാഷണൽ കമ്പനിയിൽ പഠനപര്യടനം നടത്തി. സൂക്ഷ്മാണു വളങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചും പോപ്സ് ഇന്റർ നാഷണൽ നടപ്പിലാക്കുന്ന ജൈവകൃഷിയെക്കുറിച്ചും മനസിലാക്കുവാൻ സാധിച്ചു. പെരുമാട്ടി പഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന 'പെർസിഷൻ ഫാമിംഗിനെക്കുറിച്ചും പഠിക്കുവാൻ കഴിഞ്ഞു.

**ഫാ. ജോൺ ചൂരപ്പുഴയിൽ** (ഡയറക്ടർ, WSSS മാനന്തവാടി)

# ജയിൽ മിനിസ്ട്രി

2010 ഫെബ്രുവരി മാസത്തെ ജയിൽ സന്ദർശനം നടത്തിയത് വൈത്തിരി സെന്റ് മേരീസ് പള്ളി കെ.സി.വൈ.എം, മിഷൻലീഗ്, മാതൃസംഘം അംഗങ്ങളായിരുന്നു. ഒന്നരമണിക്കൂറോളം തടവറ മക്കളോടൊത്ത് ചിലവഴിക്കാനും, സംസാരിക്കാനും കലാപരിപാടികൾ അവതരിപ്പിക്കാനും സാധിച്ചു. ജയിലിലുള്ള ഗായകരുടെ ഗാനങ്ങളടങ്ങിയ പരിപാടിയും അരങ്ങേറി.

2010 മാർച്ച് മാസം 14-ാം തീയതി കേരള ജീസസ് ഫ്രെട്ടേണിറ്റിയുടെ നേതൃത്വത്തിൽ കോട്ടയം വടവാതൂർ സെമിനാരിയിൽ നിന്നും തത്വശാസ്ത്ര, ദൈവശാസ്ത്ര വിദ്യാർത്ഥികൾ അവരുടെ ജയിൽ സന്ദർശനത്തിന്റെ ഭാഗമായി വൈത്തിരി സബ്ജയിലിലെത്തി. തടവറമക്കളുടെ കണ്ണുകളെ സജലങ്ങളാക്കുന്ന തരത്തിലുള്ള സ്കിറ്റുകളും നാടൻ പാട്ടുകളും കലാപരിപാടികളും കൊണ്ട് അവരുടെ മനസുകളിൽ ചേക്കേറാൻ ബ്രദേഴ്സിനു കഴിഞ്ഞു. മാനന്തവാടി രൂപത മിഷൻലീഗ് ഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുര അച്ചന്റെയും CML രൂപത എക്സിക്യൂട്ടീവ് അംഗങ്ങളുടെയും സന്ദേശവും, ഗാനവും, സാന്നിധ്യവും ജയിൽ സന്ദർശനത്തിന് മാറ്റുകൂട്ടി. മധുര പലഹാര വിതരണത്തോടെ സന്ദർശനം അവസാനിക്കുകയും ചെയ്തു. വൈത്തിരിയിലെ ബഹു. SH സിസ്റ്റേഴ്സ്, കുര്യൻ ചേട്ടൻ എന്നിവർ നേതൃത്വം കൊടുത്തു.

**ഫാ. ബിനു പൈനുങ്കൽ** (ഡയറക്ടർ)

# അറിയിപ്പുകൾ

**1. കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി-പ്രത്യേക അറിയിപ്പ്**

മ്യൂസിക്, ഡ്രോയിംഗ്, ലൈബ്രറി സയൻസ് (ഹയർ സെക്കന്ററി) എന്നീ തസ്തികളിലേയ്ക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. വിശദവിവരങ്ങൾക്ക് കോർപ്പറേറ്റ് ഓഫീസുമായി ബന്ധപ്പെടുക. ഇക്കാര്യം പള്ളിയിൽ അറിയിക്കണമെന്ന് താൽപര്യപ്പെടുന്നു.

**കോർപ്പറേറ്റ് മാനേജർ**

● ●

**2. പൗരോഹിത്യവർഷ സ്പെഷ്യൽ - "ഒരുസ്നേഹബലിയായ്"**

തിരുസഭ "പൗരോഹിത്യവർഷം" ആചരിക്കുന്ന ഈ അവസരത്തിൽ ഇതാ നിങ്ങൾക്കായി ഒരു പുതിയ ക്രിസ്തീയ ഭക്തിഗാന ശേഖരം..."ഒരു സ്നേഹബലിയായ്..." എന്നപേരിൽ ഏറ്റവും പുതിയ 16 ആത്മീയ ഗീതങ്ങൾ ഉൾകൊള്ളുന്ന Audio CD വിതരണത്തിനു തയ്യാറായിരിക്കുന്നു. 25 ൽ പരം ആർട്ടിസ്റ്റുകളുടെയും ടെക്നീഷ്യന്മാരുടെയും സഹകരണത്തോടെ, റവ. ഫാ. ജോസ് തയ്യിൽ അണിയിച്ചൊരുക്കിയ - പൗരോഹിത്യവർഷത്തിന്റെ പുണ്യവും നോമ്പുകാലത്തിന്റെ എന്നെന്നും നിലനിൽക്കുന്ന ചൈതന്യവും തുടിക്കുന്ന - ദിവ്യബലിക്കും ദിവ്യകാരുണ്യ ആരാധനയ്ക്കും ആന്തരികസൗഖ്യത്തിനും പരിശുദ്ധാത്മാഭിഷേകത്തിനും എല്ലാം ഉപകരിക്കുന്ന ഈ പുതിയ സംഗീതോപഹാരം "നിന്റെ വരവിനായ്" എന്ന ഭക്തിഗാന ആൽബത്തിന്റെ രണ്ടാം ഭാഗമായാണ് "സാൻജോ മെലഡി ക്രിയേഷൻസ്"ന്റെ ബാനറിൽ അവതരിപ്പിക്കുന്നത്.

ദൈവപുത്രന്റെ 'ഗദ്സമെൻ പ്രാർത്ഥന'യുടെ പൊരുളറിഞ്ഞ സമർപ്പണഗീതവും നിത്യപുരോഹിതനും നല്ലിടയനുമായ ക്രിസ്തുവിന്റെ അരുമകളും അജപാലകരുമായ വൈദികർക്കായി തിരുഹൃദയസമർപ്പണവും മാതൃവാത്സല്യത്തിന്റെ കരുതലും പ്രാർത്ഥിക്കുന്ന ഗീതവും ക്രൂശിലെ സ്നേഹത്യാഗങ്ങൾക്കു മുമ്പിലുള്ള ആത്മാർപ്പണവും ക്രൂശിതന്റെ തിരുമുറിവുകളിൽ നിന്നും ഇറ്റുവീഴുന്ന തിരുച്ചോരത്തുള്ളികൾ വീണുകുതിരുന്ന രോഗാതുരമായ പാവംമാനവഹൃദയങ്ങൾക്ക് പകർന്ന് കിട്ടുന്ന സൗഖ്യവും കാൽവരിബലിയുടെ ഓർമ്മകളുണർത്തി ദിവ്യബലിക്കണയുവാൻ ദൈവജനത്തെ സഹായിക്കുന്ന പ്രാർത്ഥനാഗീതവും ദിവ്യകാരുണ്യഗീതങ്ങളും ആന്തരികസൗഖ്യഗീതവും പരിശുദ്ധാത്മാഭിഷേക പ്രാർത്ഥനയും പരി. മാതാവിനോടും മാർ യൗസേപ്പിതാവിനോടും വി.യൂദാശ്ലീഹായോടുമുള്ള പ്രത്യേക മാധ്യസ്ഥഗീതങ്ങളും, ദശാബ്ദങ്ങളിലൂടെയുള്ള കുടിയേറ്റജനതയുടെ കഠിനാദ്ധ്വാനഗീതങ്ങളുടെ കഥപറയുന്ന വിയർപ്പുതുള്ളികൾ ഈ

മണ്ണിൽ വിരചിച്ച വിണ്ണിൻ സംഗീതവും എല്ലാം കോർത്തിണക്കി, റവ. ഫാ. ജോസ് തയ്യിൽ രചിച്ച ആത്മാംശങ്ങളുള്ള 16 ആത്മീയഭാവഗീതങ്ങൾക്ക് വ്യത്യസ്തരായ 7 സംഗീതസംവിധായകർ ഈണം പകരുകയും പശ്ചാത്തല സംഗീതമൊരുക്കുകയും അനുഗ്രഹീത ഗായകരായ സുജാത, സതീഷ്, ബാബു, ജേക്കബ് ഫ്രാൻസീസ്, സി. ഫിൽസി SH, മിഥില മൈക്കിൾ തുടങ്ങിയ 10 ഓളം ഗായകർ ആലപിക്കുകയും ചെയ്ത ഈ Audio CD യിലെ ഗാനങ്ങൾ ശ്രദ്ധേയമാണ്.

വ്യക്തിപരമായ ഗാനത്തിനും ആന്തരീകസൗഖ്യത്തിനും ആത്മീയ ഉണർവ്വിനും സഹായിക്കുന്ന ഈ ആത്മീയഗീതങ്ങൾ അടങ്ങുന്ന Audio CD, ഈ വൈദികവർഷത്തിൽ ചികിത്സാർത്ഥം അനുവദിച്ചു കിട്ടിയ വിശ്രമ വേളയിൽ റവ. ഫാ. ജോസ് തയ്യിലാണ് ഒരുക്കിയത്. മാനന്തവാടി കത്തീഡ്രൽ ദേവാലയത്തിൽ വച്ച് ഓശാന ഞായറാഴ്ച തിരുക്കർമ്മങ്ങൾക്കുശേഷം നടന്ന പ്രത്യേക ചടങ്ങിൽ വച്ച് രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം ഔപചാരികമായി CD പ്രകാശനം ചെയ്ത് അനുഗ്രഹപ്രഭാഷണം നടത്തി. കത്തീഡ്രൽ വികാരി വെരി. റവ. ഫാ. ജോർജ് മൈലാടൂർ ആദ്യ കോപ്പി ഏറ്റുവാങ്ങി ആശംസകൾ നേർന്നു. രൂപതയുടെ ബുക്ക് സ്റ്റാളുകളിലും, സിയോൻ ധ്യാനകേന്ദ്രത്തിലും CD ലഭ്യമാണ്. കൂടാതെ കേരളത്തിലെ വിവിധ രൂപതാ ബുക്ക് സ്റ്റാളുകളിലും പ്രമുഖ CD കടകളിലും, ഡൽഹി, ബാംഗ്ലൂർ തുടങ്ങിയ കേന്ദ്രങ്ങളിലും, വിവിധ ധ്യാനകേന്ദ്രങ്ങളിലും തീർത്ഥാടനകേന്ദ്രങ്ങളിലും CD വിതരണത്തിന് ഏൽപ്പിച്ചിട്ടുണ്ട്.

**NB:-** ബഹു. വികാരിയച്ചന്മാരുടെയും ബഹു. സിസ്റ്റേഴ്സിന്റെയും സ്ഥാപന മേധാവികളുടെയും നേതൃത്വത്തിൽ കൂടുതൽ കോപ്പികൾ എടുക്കുന്നവർക്ക് പ്രത്യേക ഓഫറുകൾ ക്രമീകരിച്ചിട്ടുണ്ട്. താൽപ്പര്യമുള്ളവർ ബന്ധപ്പെടുക.

+91-9446254227, +91- 9953838922
E-mail: josephmathewsthayil@yahoo.com

● ●

**3. ദൈവവിളി ക്യാമ്പ്**
**ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ (FCC)**

ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷനിൽ ചേരാനാഗ്രഹിക്കുന്ന പെൺകുട്ടികൾക്കായുള്ള ദൈവവിളി ക്യാമ്പ് 2010 ഏപ്രിൽ 11-ന് 2 മണിക്ക് ആരംഭിച്ച് 13-ന് 1 മണിവരെ ദ്വാരക എഫ്. സി. കോൺവെന്റിൽ (അൽഫോൻസ ബാലഭവൻ) വച്ച് നടത്തപ്പെടുന്നു.

*വിവരങ്ങൾക്ക്:-*

The Vocation Promotor, Deepthi Bhavan
Mananthavady P. O, Wayanad 670645, Ph: 04935 - 240336

● ●

## 4. അഖില ലോക വനിതാദിനം മെയ് 8, 2010

**ദിവ്യബലിയിൽ വിശ്വാസികളുടെ പ്രാർത്ഥനയോടനുബന്ധിച്ച് ചൊല്ലു ന്നതിന്**

**വിഷയം: സ്ത്രീകൾ സമാധാനത്തിനും ഐക്യത്തിനും വേണ്ടി**

1. ലോകത്തിലുള്ള എല്ലാ സ്ത്രീകൾക്കും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. സ്ത്രീകൾ തങ്ങൾക്കു ദൈവം നൽകിയ കഴിവുകൾ തിരിച്ചറിഞ്ഞ് അവ ഐക്യത്തിനും സമാധാനത്തിനും ഉപയോഗിക്കുന്നതിനുവേണ്ട കൃപാവരം നൽകണമേയെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.
2. നല്ല ഈശോയേ, സ്വന്തമായി വീടോ പോകാനിടമോ ഇല്ലാത്തവരും ദുരുപയോഗത്തിനും ബലാത്സംഗത്തിനും വിവേചനത്തിനും ഇരയായിട്ടുള്ളവരും പരിത്യക്തരുമായ എല്ലാ സ്ത്രീകളെയും അവർ അനുഭവിക്കുന്ന വേദനകളേയും ഞങ്ങൾ അങ്ങേയ്ക്ക് കാഴ്ചവെയ്ക്കുന്നു. അങ്ങയുടെ സ്നേഹം നിറഞ്ഞ കരങ്ങളാൽ അവരെ തഴുകി ആശ്വസിപ്പിക്കണമേയെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.
3 സ്നേഹപിതാവേ, അപകടകരമായ വിവിധ സാഹചര്യങ്ങളിൽ, വ്യവസായശാലകളിലും ഫാക്ടറികളിലും കൃഷിസ്ഥലങ്ങളിലും വേല ചെയ്യുന്ന പെൺകുഞ്ഞുങ്ങളെയും സ്ത്രീകളെയും കരുണയോടെ കാക്കണമേ. നഷ്ടപ്പെട്ട കുട്ടിക്കാലത്തെ ഓർത്തു വേദനിക്കുന്ന അവരുടെ ഹൃദയമുറിവുകൾ സ്നേഹതൈലം കൊണ്ടു പൂശി അവരെ സമാധാനത്തിന്റെ ഉപകരണങ്ങളാക്കി മാറ്റണമേയെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.
4. ദൈവമേ, സഭാധികാരികൾക്കുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. സ്ത്രീകളെക്കുറിച്ചുള്ള ദൈവികപദ്ധതി എല്ലാവരെയും ബോധ്യപ്പെടുത്തുവാൻ സഭാ നേതാക്കളുടെ മേൽ പരിശുദ്ധാത്മാവിനെ അയയ്ക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.
5. സൽപിതാവേ, ജീവിതത്തിന്റെ ഉന്നത ശ്രേണിയിൽ എത്താൻ കഴിഞ്ഞ എല്ലാ സ്ത്രീകളും അങ്ങയുടെ ദൈവികാരൂപിയാൽ പ്രചോദിതരായി, മറ്റു സ്ത്രീകളെകൂടി കൈകൊടുത്തുയർത്താൻ വേണ്ട സന്മനസ് അവർക്കു നൽകണമേയെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.
6. ദൈവമേ, സ്നേഹത്തിന്റെയും ആദരവിന്റെയും പരസ്പര ബഹുമാനത്തിന്റെയും ശാന്തിയുടെയും സമാധാനത്തിന്റെയും സന്ദേശങ്ങൾ മതബോധന ക്ലാസുകളിലൂടെയും വിദ്യാഭ്യാസസ്ഥാപനങ്ങളിലൂടെയും നൽകുവാൻ വേണ്ട പ്രചോദനം എല്ലാ വിദ്യാഭ്യാസ പ്രവർത്തകർക്കും നൽകണമേയെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.
7. ലോകനാഥ, സ്ത്രീകൾക്കെതിരെയുള്ള എല്ലാ അതിക്രമങ്ങളും വിവേചനങ്ങളും അവസാനിപ്പിച്ച് സ്ത്രീകളുടെ മഹനീയത ഉയർത്തിപ്പിടിക്കുവാൻ എല്ലാ രാഷ്ട്ര ഭരണകർത്താക്കളെയും അനുഗ്രഹിക്കണമേയെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**ആനി റോഡ്നി**

സെക്രട്ടറി, കെ.സി.ബി.സി. വനിതാ കമ്മീഷൻ

● ●

## 5. Kripa Rehabilitation Institution

അസ്ഥിസംബന്ധമായ വികലാംഗതയുള്ള യുവാക്കൾക്ക് ഭക്ഷണവും, താമസസൗകര്യവും ഉൾപ്പെടെ സൗജന്യ തൊഴിൽ പരിശീലനം നൽകപ്പെടുന്ന ഒരു സ്ഥാപനമാണ് കൃപ. തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ ധർമസംഘങ്ങൾ രജിസ്റ്ററാക്കൽ ആക്റ്റ് അനുസരിച്ച് 1981 -ൽ രജിസ്റ്റർ ചെയ്ത ഈ സന്നദ്ധ സംഘടന, വികലാംഗരായ വ്യക്തികളുടെ തൊഴിൽപരമായ പുനരധിവാസമാണ് പ്രധാനമായും ലക്ഷ്യമാക്കുന്നത്.

കളമശ്ശേരി, രാജഗിരി ആസ്ഥാനമായിട്ടുള്ള സി.എം.ഐ സേക്രഡ് ഹാർട്ട് പ്രൊവിൻസിലെ വൈദികരുടെ രക്ഷാധികാരത്തിൽ സ്ഥലത്തെ പല പ്രമുഖ വ്യക്തികളും നേതൃത്വം നൽകുന്നു. പഠനം പൂർത്തിയാക്കിയ ശേഷം സ്വയം വരുമാനമുണ്ടാക്കി വികലാംഗരുടെ ഭാവി ശോഭനമാക്കാൻ പറ്റിയ തൊഴിലുകളാണ് ഇവിടെ പരിശീലിപ്പിക്കുന്നത്. ഈ അക്കാദമിക് വർഷത്തേക്കുള്ള (2010-11) പ്രവേശനം ആരംഭിച്ചിരിക്കുന്നു.

ബഹു.അച്ചന്റെ ഇടവകയിലോ അറിവിലോ അർഹരായവർ ഉണ്ടെങ്കിൽ അവരെ ഈ വിവരം അറിയിക്കുവാനും അച്ചന്റെ ഒരു കത്തു മുഖേന അവരെ കൃപയുമായി ബന്ധപ്പെടുത്തുവാനും താൽപ്പര്യപ്പെടുന്നു.

*ബന്ധപ്പെടേണ്ട വിലാസം:-*

Vocational Training Centre, Providence Home, Chunangamvely.
Erumathala P. O. Aluva -683 105, Ernakulam Dt, Kerala, India
Ph: 0484 - 2838153, E-mail : kripabhavan@sify.com

● ●

## 6. വൈദികർക്കുവേണ്ടിയുള്ള സെമിനാർ

*"യേശുവിന്റെ വിശ്വസ്തത വൈദികരുടെ വിശ്വസ്തത"*

വൈദിക വർഷത്തോടനുബന്ധിച്ച് മലബാർ പ്രദേശത്തെ വൈദികർക്കുവേണ്ടി ഒരു ദ്വിദിന സെമിനാർ കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരിയിൽ വച്ച് 2010 ഏപ്രിൽ 12 ന് വൈകുന്നേരം 4 മണി മുതൽ 14 ന് വൈകുന്നേരം 4 മണിവരെ നടത്തപ്പെടുന്നു.

**പ്രധാന ചർച്ചാവിഷയങ്ങൾ:**

1. വൈദികരുടെ ആദ്ധ്യാത്മികത
2. വൈദിക ജീവിതത്തിലെ വെല്ലുവിളികൾ
3. വൈദികനും കാലാനുസൃത മാറ്റങ്ങളും
4. വൈദികനും മലബാറിന്റെ വികസനവും

**Contact Address:**

Rev. Fr. Joseph Padiyath
Good Shepherd Major Seminary, Kunnoth, Kiliyanthara P.O.
Iritty, Kannur Dt., 670 706, Tel: 0490 - 2491095, 2494444

● ●



# Programme

## PASTORAL CENTRE, DWARAKA

### *April - 2010*

| | | |
|---|---|---|
| *05 Mon 09 Fri* | - | *Vocation Camps* |
| *10 Sat* | - | *CMA Executive* |
| *09 Fri 10 Sat* | - | *Zion CRC : Jesus Youth Prayer Day: CML Executive* |
| *10 Sat 13 Tue* | - | *Marriage Preparation Course* |
| *13 Tue* | - | *Marian Singles* |
| *13 Tue 16 Fri* | - | *Christeen Retreat* |
| *16 Fri 18 Sun* | - | *Catechism : Valuation Camp* |
| *17 Sat 21 Wed* | - | *Zion CRC : Inner Healing Retreat* |
| *22 Tue* | - | *CMA : Competitions* |
| *23 Wed 26 Mon* | - | *Marriage Preparation Course* |
| *28 Wed* | - | *SH Sisters - Vestition and Profession* |
| *30 Fri* | - | *Zion CRC : Night Vigil* |

**Rev. Fr. Mathew Kazhuthadiyil**
Director, Pastoral Centre



# Bishop's Programme

## *2010 April*

| | | |
|---|---|---|
| 1 Thu | ............... | Cathedral : Maundy Thursday |
| 2 Fri | ................ | Cathedral : Good Friday |
| 3 Sat | ................ | Cathedral |
| 4 Sun | ................ | Cathedral : Easter |
| 5 Mon | ............. | Mananthavady Pavana Pastoral Centre : Priestly Year Celebrations |
| 6 Tue | .............. | Cathedral : Death Anniversary of Mar Emmanuel Pothanamuzhy |
| 7 Wed | ............. | Hinkel : Inauguration of the Eparchy of Mandya and Episcopal Ordination of Msgr. George Njaralakatt |
| 8 Thu | ............. | Pulloorampara: Episcopal Ordination of Msgr. Remigiose Inchananiyil |
| 9 Fri | ................. | Mandya |
| 10 Sat | ................ | Trichur : Episcopal Ordination of Msgr. Raphael Thattil |
| 11 Sun | .............. | Ramanathapuram : Inauguration of the Eparchy of Ramanathapuram & Episcopal Ordination of Msgr. Paul Alapatt |
| 12 Mon | ............. | Mary Matha Science & Arts College |
| 13 Tue | Morning | Bathery : Installation of Most Rev. Joseph Mar Thomas |
| | Evening | SABS Provincial House, Provincial Synaxis |

| | |
|---|---|
| 14 Wed ............ | Theneri : First Communion and Confirmation |
| 15 Thu ............ | Valiyakolly : Church Blessing |
| 16 Fri .............. | Out of Station |
| 17 Sat .............. | Nadavayal : Priestly Year Celebrations |
| 18 Sun 19 Mon .. | Irinjalakuda : Episcopal Ordination of Msgr. Pauly Kanookadan |
| 20 Tue .............. | Dwaraka : Vestition and First Profession SABS Novices |
| 22 Thu ............. | Bathery SABS Convent: Golden Jubilee of Sisters |
| 23 Fri 25 Sun .. | Bangalore : NBCLC Governing Body |
| 25 Sun Evening | Mount Mary College : Major Seminarians' Gathering |
| 26 Mon Morning | Mount Mary College : Vestition |
| Evening | Dwaraka : Jubilee of CST Ashram |
| 27 Tue .............. | Major Seminarians' Gathering |
| 28 Wed ............. | Dwaraka : Vestition and First Profession of SH Novices |
| 29 Thu ............. | Kalikavu, Pala : Ordination of Dn. Emmanual Puliyanappalli |
| 30 Fri .............. | Out of Station |

## 2010 May

| | |
|---|---|
| 1 Sat .............. | Minor Seminary Interview |
| 2 Sun ............... | First Communion: Mangalassery |
| 3 Mon ............. | Out of Station |
| 4 Tue ............. | Dwaraka : Diocesan Day |
| 5 Wed ............. | Kalluvayal : Blessing of Sunday School |
| 6 Thu ............. | Mary Matha Arts & Science College |
| 7 Fri ............. | Out of Station |
| 8 Sat ............. | Bathery : Holy Communion & Confirmation |
| 9 Sun ............. | First Communion : T.K. Colony |

| | |
|---|---|
| *10 Mon .............* | *Out of Station* |
| *11 Tue .............* | *Vaduvanchal : Auxilium Sisters* |
| *12 Wed ............* | *Nadavayal : Vestition & First Profession of CMC Novices* |
| *13 Thu .............* | *Poroor : Ordination of Dn. Jijesh Maliekal TOR* |
| *14 Fri .............* | *Out of station* |
| *15 Sat .............* | *Thonichal : First Communion & Confirmation* |
| *16 Sun 17 Mon...* | *Coonnoor : First Communion & Confirmation* |
| *18 Tue .............* | *Cherukattoor : First Communion & Confirmation* |
| *19 Wed ...........* | *Visitors' Day* |
| *20 Thu ............* | *Nelliyodi : Ordination of Dn. Tomy Parayidathil MI* |
| *21 Fri ..............* | *Out of Station* |
| *22 Sat 23 Sun ...* | *Palai : SH Founder's Day* |
| *24 Mon .............* | *Vincentgiri : Vestition & Perpetual Profession* |
| *26 Wed .............* | *Karimbil : Blessing of Presbyetery* |
| *27 Thu 28 Fri ...* | *Mandya* |
| *29 Sat ...............* | *Dwaraka : HM Conference First Communion & Confirmation Jude's Mount* |
| *30 Sun .............* | *Kurumbalakotta : First Communion & Confirmation* |
| *31 Mon .............* | *Out of Station* |



പ്രിയ സഹോദരരേ, അനേകരിൽനിന്നും പ്രത്യേകമായി തെരഞ്ഞെടുക്കപ്പെട്ടവരാണ് നാം. ഈ ബഹുമാനം നമ്മുടെ നാശത്തിനു കാരണമാകാതിരിപ്പാൻ സൂക്ഷിക്കുവിൻ. കാരണം, നൂറു അത്മായരെ എന്നതിനേക്കാൾ ഒരു പുരോഹിതനെ നശിപ്പിക്കാനാണ് സാത്താന്റെ ശ്രദ്ധ. ഒരേയൊരു വൈദികന്റെ പതനം മറ്റനേകരുടെ പതനത്തിനു നിദാനമാകും എന്നതുകൊണ്ടുതന്നെ. തിളയ്ക്കുന്ന ജലത്തെ ഒഴിഞ്ഞുമാറി പ്രാണികൾ അതിവേഗം ശീതോഷ്ണ ജലത്തിലേയ്ക്കു പോകുന്നതു കണ്ടിട്ടില്ലേ? അതുപോലെയാണ് സാത്താൻ തീക്ഷ്ണതയുള്ള വൈദികരെ വിട്ടിട്ട് മന്ദതയിൽ കഴിയുന്ന പുരോഹിതരെ പ്രലോഭിപ്പിക്കാൻ ഓടി നടക്കുന്നത്. അതുകൊണ്ട് മനസ്സറിഞ്ഞ് പാപത്തിൽ വീഴാതിരിക്കാൻ നിരന്തരം ജാഗരൂകത പുലർത്തുക.

***ഫാ. ലെയോപ്പോൾഡ് ബെക്കാറോ***

## പ്രത്യേക അറിയിപ്പ്

ചില സാങ്കേതിക കാരണങ്ങളാൽ ഈ issue മുതൽ വാല്യം 01, ലക്കം 1, പേജ്നമ്പർ 1 മുതൽ തുടങ്ങുകയാണ്. പഴയതനുസരിച്ച് ഈ വാല്യം 38, ലക്കം 4 ആണ്.

മണ്ഡ്യ രൂപതയിലും, എൻ.ആർ.പുര മിഷൻ റീജിയനിലും സേവനം ചെയ്യുന്ന ബഹു. വൈദികർക്കും സിസ്റ്റേഴ്സിനും തുടർന്നും മാനന്തവാടി രൂപതാ ബുള്ളറ്റിൻ ലഭിക്കുവാൻ താൽപര്യമുണ്ടെങ്കിൽ വിവരം രൂപതാകേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

**ഫാ. ജോസഫ് പരുവുമ്മേൽ (എഡിറ്റർ)**